കേരള സർക്കാർ

# കോട്ടക്കൽ നഗരസഭ

# ഓഡിറ്റ് റിപ്പോർട്ട് 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.20/2758/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തിയ്യതി 13-10-2016

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ( സെക്രട്ടറി മുഖേന)

കോട്ടക്കൽ നഗരസഭ

സർ,

വിഷയം : കോട്ടക്കൽ നഗരസഭ 2015-16 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

************************************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ നഗരപാലികാ നിയമം 295(4)ാം വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോട്ടക്കൽ നഗരസഭയുടെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1).ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2).റീജ്യണൽ ജോയിന്റ് ഡയറക്ടർ, കോഴിക്കോട് (ഉപരിപത്രം സഹിതം)

3).കാര്യാലയ പകർപ്പ്.

എം.എ.

നം. കെ.എസ്.എ.എം.പി.എം20/2758/2016

തിയ്യതി: 13/10/2016

## മലപ്പുറം ജില്ലയിലെ കോട്ടക്കൽ നഗരസഭയുടെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ നഗരപാലികാ നിയമം- വകുപ്പ് 295(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

മലപ്പുറം ജില്ലയിലെ കോട്ടക്കൽ നഗരസഭയുടെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 17-1-16 മുതൽ 17-09-16തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

-------------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. മുഹമ്മദ് നിസാർ.എ., സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

-------------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 19-09-2016 മുതൽ 28-09-2016വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീമതി ഷീബ.ഇസഡ് | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| ശ്രീമതി ടി.പി.സെൽമത്ത് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. അബ്ദുൽ റഷീദ് എം.പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. അഷ്റഫ് കെ.പി | സീനി.ഗ്രേഡ് ഓഡിറ്റർ |
| ശ്രീ. മുഹമ്മദ് സിയാദ് പി.പി. | സീനി.ഗ്രേഡ് ഓഡിറ്റർ |
| ശ്രീ. സജീഷ് എം.ആർ | സീനി.ഗ്രേഡ് ഓഡിറ്റർ |
| ശ്രീ. ആലസൻകുട്ടി യു. | ഓഡിറ്റർ |

ബി)നിർവഹണാധികാരികൾ

ചെയർമെൻ

| | |
|---|---|
| ശ്രീമതി.ടിവി.സുലൈഖാബി | 01-04-15 മുതൽ 31-10-15 വരെ |
| അഡ്മിനിസ്ട്രേടീവ് കമ്മറ്റി | 01-11-2015 മുതൽ 26-11-15 വരെ |
| ശ്രീ.കെ.കെ നാസർ | 27-11-15 മുതൽ 31-03-16 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ. കെ.കെ.മനോജ് | 01.04.2015മുതൽ 31-03-16വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | ശ്രീ. കെ.കെ.മനോജ് | 01.04.2015 മുതൽ 31.3.2016 വരെ |
| കൃഷി ഓഫീസർ | ശ്രീ. ജൈസൽ ബാബു. | 01.04.2015 മുതൽ 28-12-2015വരെ |
| | ശ്രീമതി . രേഷ്മ എം | 28-12-2015 മുതൽ 31.03.2016 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ. ബി.വിനയകുമാർ | 01.04.2015 മുതൽ 31.03.2016 വരെ |
| വെറ്ററിനറി സർജൻ | ഡോ. ബി.സുരേഷ് | 01.04.2015 മുതൽ 31.03.2016 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. ബിന്ദു ടി.എം. | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. പൂളക്കണ്ടൻ ജാബിർ | 01.04.2015 മുതൽ 18.07.2015 വരെ |
| | ഡോ.വി.എൻ.സുജാത | 19.07.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | ഡോ.ജസീന ഹമീദ് | 01.04.15 മുതൽ 31.03.2016 വരെ |
| പ്രിൻസിപ്പൽ | ശ്രീമതി ഇ.എൻ. വനജ ഗവ.രാജാസ് കോട്ടക്കൽ | 01.04.15 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | ശ്രീമതി ജിഷ എൻ | 01.04.15 മുതൽ 31.03.2016 വരെ |
| പ്രൊജക്ട് ഓഫീസർ(യു.പി.എ.സി) | ശ്രീ.ഷംസുദ്ദീൻ സി.എ. | 01.04.15 മുതൽ 31.03.2016 വരെ |
| ഹെൽത്ത് ഇൻസ്പെക്ടർ | ഹരിദാസൻ പി | 01.04.15 മുതൽ 31.03.2016 വരെ |

ഉള്ളടക്കം

| ക്രമ | വിഷയം | ഖണ്ഡിക | പേജ് |
|---|---|---|---|

| നം. | | നമ്പർ | നമ്പർ |
|---|---|---|---|
| ഭാഗം I പൊതു അവലോകനം | | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| ഭാഗം II വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 12 | വസ്തു നികുതി കുറവായി നിർണയിച്ചു | 2-1 | |
| 13 | വാണിജ്യ ആവശ്യത്തിന് നിർമിച്ച ക്വാർട്ടേഴ്സുകൾക്ക് ഗാർഹിക ആവശ്യത്തിനുള്ള വീടുകളുടെ നിരക്കിൽ വസ്തു നികുതി ചുമത്തി | 2-2 | |
| 14 | ഷോപ്പിംഗ് കോംപ്ലക്സ് – വാടക ഈടാക്കാനുള്ളത് | 2-3 | |
| 15 | പരസ്യനികുതി-അപാകതകൾ | 2-4 | |
| 16 | തൊഴിൽനികുതി - അപാകതകൾ | 2 -5 | |
| ഭാഗം 3 ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 17 | ചെലവുകണക്കുകൾക്ക് രേഖകൾ ഹാജരാക്കാത്ത കൺവീനർക്ക് പണം നൽകിയത് തടസ്സം ചെയ്യുന്നു | 3-1 | |
| 18 | ഗുണഭോക്തൃ സമിതി മുഖേനയുള്ള മരാമത്ത്പണികളിൽ മാർഗ്ഗരേഖകളും ഉത്തരവുകളും പാലിക്കുന്നില്ല. | 3-2 | |
| 19 | വാർഷികപദ്ധതിയിൽ ഉൾപ്പെടുത്താതെയും പ്രോജക്റ്റ് തയ്യാറാക്കി അംഗീകാരം വാങ്ങാതെയും മരാമത്ത് പ്രവൃത്തികൾക്ക് തുക ചെലവഴിച്ചത് തടസ്സം ചെയ്യുന്നു(15692932രൂപ) | 3-3 | |
| 20 | എൽ.എസ്.ജി.ഡി. അസി.എഞ്ചിനീയർ-ഫയൽ സൂക്ഷിപ്പിലെ അപാകതകൾ | 3-4 | |
| 21 | റോഡ് പ്രവർത്തികളിൽ ആവശ്യത്തിലധികം കോൺക്രീറ്റിംഗ് അധികച്ചെലവ് ഉണ്ടാക്കുന്നു | 3-5 | |
| 22 | കുടിവെള്ളപദ്ധതി വൈദ്യുതീകരണ പ്രവൃത്തി നടത്തി ഗുണഭോക്തൃസമിതിയ്ക്ക് കൈമാറാൻ നടപടി സ്വീകരിക്കേണ്ടതാണ് | 3-6 | |
| 23 | മുനിസിപ്പാലിറ്റിയുടെ മേഖല ചുമതലയും പദ്ധതി മാർഗ്ഗ രേഖയും ലംഘിച്ചു കൊണ്ട് ചെലവ് നടത്തി. | 3-7 | |

| | | | |
|---|---|---|---|
| 24 | ഹയർ സെക്കണ്ടറി-തുല്യതാ പരീക്ഷ രജിസ്റ്റർ ചെയ്ത മുഴുവൻ വിദ്യാർത്ഥികളും പരീക്ഷ എഴുതിയില്ല. | 3-8 | |
| 25 | മൂല്യവർദ്ധിത നികുതി കോംപൗണ്ട് ചെയ്ത രേഖകളില്ലാതെ കുറഞ്ഞ നിരക്കിൽ നികുതി ഈടാക്കുന്നു. | 3-9 | |
| 26 | പരിരക്ഷ-പദ്ധതി അപാകതകൾ | 3-10 | |
| 27 | ഉദ്യാന പാത നിർമ്മാണത്തിലെ അപാകതകൾ | 3-11 | |
| 28 | പൂരക പോഷകാഹാര പദ്ധതി - ഭക്ഷ്യ വസ്തുക്കൾ വിതരണം ചെയ്യുന്നത് സുതാര്യമല്ല | 3-12 | |
| 29 | നഗരസഭാ സെക്രട്ടറിക്ക് ക്വാർട്ടേഴ്സിന് വാടക - അനുമതി വിവരം ലഭ്യമല്ല | 3-13 | |
| 30 | സർക്കാർ ഉത്തരവിലെ നിർദ്ദേശത്തിന് വിരുദ്ധമായി ലാപ്പ്ടോപ്പ് വിതരണം ചെയ്തു | 3-14 | |
| 31 | കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ് തനത് ഫണ്ടിൽ നിന്ന് അടവാക്കുന്നു. | 3-15 | |
| 32 | ഹോമിയോ മരുന്നുകൾ-മുൻകൂർ നല്കിയത് | 3-16 | |
| 33 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി - ഒരു അവലോകനം | 3-17 | |
| | ഭാഗം 4 പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 34 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 35 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 36 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 37 | വായ്പ/വായ്പതിരിച്ചടവ് | 4-4 | |
| 38 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 39 | ഓഡിറ്റ് റിക്കവറി | 4-6 | |
| 40 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 41 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 42 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| 43 | ഓഡിറ്റ് സാക്ഷ്യപത്രം | 4-10 | |


# ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2015-16ലെ ബജറ്റ് 28-3-15ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യ പത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ കഴിഞ്ഞിട്ടില്ല

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31-07-2016 | 30-07-2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 19-09-2016 മുതൽ 28-09-2016വരെ | കെ.എസ്.എ.എം.പി.എം.20/2758/2016 തീയതി 13-10-2016 |

(അക്കൗണ്ട് ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യ പത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു)

വാർഷിക കണക്കിലെ അപാകതകൾ

1 AFSചെയർമാൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2.Kerala Municipality (Accounts) Rules, 2007ലെ ചുവടെ കൊടുത്തിരിക്കുന്ന നിബന്ധനകൾ പാലിക്കപ്പെട്ടിട്ടില്ല.

(എ)ബാങ്ക് ബുക്കുകളിലെ നീക്കിയിരിപ്പ് തുകകൾ ഓരോ മാസത്തിന്റെയും അവസാനംലഭിക്കുന്ന

ബാങ്ക്/ട്രഷറി അക്കൗണ്ട് ബാലൻസ് പത്രികകളിലെ നീക്കിയിരിപ്പുമായി

പൊരുത്തപ്പെടുത്തിയിട്ടില്ല(ചട്ടം 53)

(ബി)മാസാന്ത്യത്തിൽ സ്റ്റോക്കുകളുടെ തന്മാസ വിനിയോഗ വിവരം സമാഹരിച്ചിട്ടില്ല(ചട്ടം 54(3)e)

(സി)നിക്ഷേപങ്ങൾ,മുൻകൂറുകൾ, കിട്ടാനുള്ളവയും വരുമാനവും തുടങ്ങിയവ അനുബന്ധ രേഖകളും രജിസ്റ്ററുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല(ചട്ടം54)a)

(ഡി)Capital Work in Progress റിക്കാർഡുകളും രേഖകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല(54(4)f)

(ഇ)വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധനയും പൊരുത്തപ്പെടുത്തലും

നടത്തിയിട്ടില്ല(ചട്ടം 54(5)a)

(ഐ)ഫണ്ട് അടിസ്ഥാനത്തിൽ ഓരോ വർഷത്തെയും Sl.No.list തയ്യാറാക്കിയിട്ടില്ല(ചട്ടം 3,4)

3.Annual Stock Register(Consolidated) ഹാജരാക്കിയിട്ടില്ല

4.നാളിതുവരെ സൃഷ്ടിക്കപ്പെട്ട ആസ്തികൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല

5.ബജറ്റ് ഫംഗ്ഷൻ-ഫംഗ്ഷനറി അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടില്ല

6.വാടക, ലേലം എന്നിവ ഒഴികെയുള്ള വരവ് ഇനങ്ങളുടെ ഡിമാന്റ് /കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടില്ല

7.നിക്ഷേപ/മുൻകൂർ രജിസ്റ്ററുകൾ (Consolidated)തയ്യാറാക്കിയിട്ടില്ല

8.നിക്ഷേപ ഇനത്തിൽ ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടുള്ള തുക, യഥാർത്ഥ തുകയുമായി പൊരുത്തപ്പെടുന്നില്ല

കൂടാതെ, മുൻ വർഷ കണക്കുകളുടെ പരിശോധനയിൽ പരാമർശിച്ചിരുന്ന അപാകതകളും പരിഹരിച്ചിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| ഇനം | 2015-16 |
|---|---|
| മുന്നിരിപ്പ് | 26946310.97 |
| വരവ് | 107055793 |
| ആകെ | 134002103.97 |
| ചെലവ് | 112721632 |
| നീക്കിയിരുപ്പ് | 21280471.97 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | - | 2,23,23,060 | 2,23,23,060 | 1,56,63,213 | 66,59,847 | 70 |
| വികസനഫണ്ട് എസ്.സി.പി. | - | 36,11,000 | 36,11,000 | 36,11,000 | - | 100 |
| വികസനഫണ്ട് ടി.എസ്.പി. | - | - | - | - | - | - |
| സംരക്ഷണഗ്രാന്റ് റോഡ് | 247584 | 91,55,000 | 94,02,584 | 88,60,026 | 5,42,558 | 94 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 984310 | 62,86,000 | 72,70,310 | 65,43,945 | 7,26,365 | 90 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | - | 1,82,83,548 | 1,82,83,548 | 1,15,43,000 | 67,40,548 | 63 |
| പെർഫോമൻസ് ഗ്രാന്റ് | 5 | - | 5 | 5 | - | 100 |
| അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി | 1393001 | - | 13,93,001 | 6,77,845 | 7,15,156 | 48 |
| ബി ഫണ്ട് | - | 2,76,41,320 | 2,76,41,320 | 2,76,41,320 | - | 100 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 92,23,081 | 94,85,253 | 1,87,08,334 | 1,64,53,241 | 22,55,093 | 88 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2015-16 | 174 | 11,32,65,403 | 122 | 5,66,86,276 | 2 | 50 | 70 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല.

## 1-7 തനത് വരുമാനം.

മുൻ വർഷത്തെ അപേക്ഷിച്ച് നഗരസഭക്ക് തനത് വരുമാനത്തിൽ താഴെ പറയും പ്രകാരം വർധന/കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | 2014-15 | 2015-16 | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 16583096 | 15115463 | (-)1467633 | (-) 9 |
| നികുതിയേതര വരവുകൾ | 5467137 | 13653911 | 81,86,774 | ( +)60 |
| മറ്റുവരവുകൾ | 10234152 | 3354987 | (-)68,79,165 | (-) 67 |
| ആകെ | 32284385 | 32124361 | (-)1,60,024 | (-)0.45 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 22560 | 14 |
| കർഷകതൊഴിലാളി പെൻഷൻ | 1067490 | 153 |
| വിധവാപെൻഷൻ | 12498240 | 1448 |
| വാർദ്ധക്യകാലപെൻഷൻ | 10658730 | 2067 |
| വികലാംഗപെൻഷൻ | 3165540 | 397 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിത പെൻഷൻ | 161400 | 22 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 60000 | 2 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19-9-16ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 47,108 രൂപ

ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു

## 1-10 ആഭ്യന്തരനിയന്ത്രണം.

വാടക, ലേലം, ഷോപ്പിംഗ് കോംപ്ലക്സ് എന്നീ ഇനങ്ങളിലുള്ള വരവുകൾ ഒഴികെയുള്ള വരവുകൾക്ക് ഡിമാന്റ്/കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ നഗരസഭയിൽ തയ്യാറാക്കിയിട്ടില്ല. കൂടാതെ ആസ്തി രജിസ്റ്റർ, മാസ്റ്റർ ഇൻകൃമ്പൻസി രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ തുടങ്ങിയവയും സൂക്ഷിച്ചിട്ടില്ല. നഗരസഭാ ജീവനക്കാർക്ക് ചുമതലകൾ വിഭജിച്ച് നൽകിക്കൊണ്ട് 15-11-2011 തീയതിയിലെ G1.12981/11 നമ്പർ ഉത്തരവിന് ശേഷം നാളിതുവരെ പുതിയ ഉത്തരവ് നൽകിയിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 29-06-15മുതൽ 03-07-15 വരെ | 2013-14 , 2014-15 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 07-10-14 മുതൽ 13-10-14 വരെ, 04-11-14 മുതൽ 19-11-14 വരെ | 2010-11 മുതൽ 2013-14 വരെ | 01-01-15 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തു നികുതി കുറവായി നിർണയിച്ചു

സ.ഉ.(അ).നമ്പർ17/2011ത.സ്വ.ഭ.വ തിയതി 14-1-11പ്രകാരം വാണിജ്യ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി കണക്കാക്കുമ്പോൾ 100 m2 വരെയുള്ള കെട്ടിടങ്ങൾക്ക് മിനിമം 40 രൂപയും 100 m2 നുമുകളിൽലുള്ള കെട്ടിടങ്ങൾക്ക് മിനിമം 70 രൂപയും ഈടാക്കണമെന്ന് നിർദേശിച്ചിട്ടുണ്ട് എന്നാൽ നഗരസഭയുടെ2015-16 വർഷ വസ്തുനികുതി പരിശോധനയിൽ ചില കെട്ടിട ഉടമകൾക്ക് ഇപ്രകാരം നികുതി നിർണ്ണയിച്ചതായി കാണുന്നില്ല.വിശദ വിവരം

| ക്രമനം | ഉടമ കെട്ടിട നം. | അസസ്മെന്റ് നം.തി. | വിസ്തീർണം (എം2) | നിർണയിക്കേണ്ടത് പി.ടി+എൽ.സി | നിർണയിച്ചത് വസ്തു നികുതി +എൽ.സി | കുറവ് പി.ടി+എൽ.സി |
|---|---|---|---|---|---|---|
| 1. | ശ്രീ. മരക്കാർ ഹാജി 2/112എ | 1240/1.9.15 | 38.76 | 38.76*40=1550+77 | 582+22 @15/M$^2$ | 968+55 |
| 2. | ശ്രീ. മരക്കാർ ഹാജി 2/112ബി | 1241/1-9-15 | 57.24 | 57.24*40= 2290+114 | 582+22 @10/M$^2$ | 1708+92 |
| 3. | ശ്രീ.അബ്ദുൽ കരീം. 15/212- E | 1375/1.10.15 | 15.69 | 15.69*40=628-(10%ഇളവ്) 63=565+28 | 424+21 @27/M$^2$ | 141+7 |
| 4. | ശ്രീ.അബ്ദുൽ കരീം. 15/212എഫ് | 1376/1.10.15 | 15.69 | 15.69*40=628-(10%ഇളവ്) 63=565+28 | 424+21 @27/M$^2$ | 141+7 |
| 5. | ശ്രീ.അബ്ദുൽ കരീം.15/ 212ജി | 1377/1.10.15 | 15.69 | 15.69*40=628-(10%ഇളവ്) 63=565+28 | 424+21 @27/M$^2$ | 141+7 |
| 6. | ശ്രീ.അബ്ദുൽ കരീം.15/ 212എച്ച് | 1378/1.10.15 | 15.69 | 15.69*40=628-(10%ഇളവ്) 63=565+28 | 424+21 @27/M$^2$ | 141+7 |
| 7. | ശ്രീമതി.പെരിങ്ങാടൻ ഫാതിമ സുഹറ3/112 | 1356/21.11.15 | 50 | 50*40=2000-(10%ഇളവ്) 200=1800+90 | 270+14 @5/M$^2$ | 1530+76 |
| 8. | ശ്രീമതി.പെരിങ്ങാടൻ ഫാതിമ സുഹറ3/112എ. | 1357/21.11.15 | 25 | 25*40=1000- (10%ഇളവ്)=100=900+ 45 | 135+7 @5/M$^2$ | 765+38 |

| | | | | | | |
|---|---|---|---|---|---|---|
| 9. | ശ്രീമതി.പെരിങ്ങാടൻ ഫാതിമ സുഹറ3/113. | 1358/21.11.15 | 25 | 25*40=1000-(10%ഇളവ്)=100=900+45 | 135+7 @5/M$^2$ | 765+38 |
| 10. | ശ്രീമതി.പെരിങ്ങാടൻ ഫാതിമ സുഹറ3/113 എ | 1359/21.11.15 | 50 | 50*40=2000-(10%ഇളവ്) 200=1800+90 | 270+14 @5/M$^2$ | 1530+76 |
| 11. | ശ്രീമതി.പെരിങ്ങാടൻ ഫാതിമ സുഹറ3/113 ബി | 1360/21.11.15 | 50 | 50*40=2000-(10%ഇളവ്) 200=1800+90 | 270+14 @5/M$^2$ | 1530+76 |
| 12. | ശ്രീമതി.പെരിങ്ങാടൻ സുഹറ3/113.സി | രേഖപ്പെടുത്തിയിട്ടില്ല/21.11.15 | 25 | 25*40=1000-(10%ഇളവ്)=100=900+45 | 135+7 @5/M$^2$ | 765+38 |
| 13. | ശ്രീ.ഫിറോസ് ഖാൻ17/31എ | 1538/1-10-15 | 152.09 | 152.09*70= 10646-2129(20%ഇളവ്)=8517+425 | 6104+305 @40/M$^2$ | 2413+120 |
| | | | | | ആകെ | 12,538(PT) +637(LC)= 13,175 |

ഇക്കാര്യമുന്നയിച്ച് നല്കിയ എൻക്വയറി നമ്പർ-20/28.9.2016 ന മറുപടി നല്കിയിട്ടില്ല. ആയതിനാൽ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും തുക ഈടാക്കേണ്ടതാണ്.

## 2-2 വാണിജ്യ ആവശ്യത്തിന് നിർമിച്ച ക്വാർട്ടേഴ്സുകൾക്ക് ഗാർഹിക ആവശ്യത്തിനുള്ള വീടുകളുടെ നിരക്കിൽ വസ്തു നികുതി ചുമത്തി

സ.ഉ.(അ).നമ്പർ17/2011ത.സ്വ.ഭ.വ തിയതി 14-1-11പ്രകാരം വാണിജ്യ ആവശ്യങ്ങൾക്കുള്ള ക്വാർട്ടേഴ്സുകൾക്ക് വസ്തുനികുതി കണക്കാക്കുമ്പോൾ മിനിമം 30 രൂപ/m2 ഈടാക്കണമെന്ന് നിർദേശിച്ചിട്ടുണ്ട് എന്നാൽ നഗരസഭ 2015-16 വർഷത്തിൽ ചില കെട്ടിടങ്ങൾക്ക് ഇപ്രകാരം നികുതി നിർണ്ണയിച്ചതായി കാണുന്നില്ല.വിശദാംശം

| ക്രമനം | ഉടമ/ കെട്ടിട നം. | അസസ്സ്മെന്റ് നം.തി. | വിസ്തീർണം (എം2) | നിർണയിക്കേണ്ടത് പി.ടി+എൽ.സി | നിർണയിച്ചത് പി.ടി+എൽ.സി | കുറവ് പി.ടി+ എൽ.സി |
|---|---|---|---|---|---|---|
| 1 | ശ്രീ.കെ അബ്ദുൾ ലത്തീഫ്,&മുഹമ്മദാലി 27/367-E | 1147/10-7-15 | 87.61 | 87.61*30= 2628-263(10%ഇളവ്) =2365+118 | 473+24 | 1892+94 |
| 2 | ശ്രീ.കെ അബ്ദുൾ ലത്തീഫ്,&മുഹമ്മദാലി 27/367-F | 1147/10-7-15 | 87.61 | 87.61*30= 2628-263(10%ഇളവ്) =2365+118 | 473+24 | 1892+94 |
| 3 | ശ്രീ.കെ അബ്ദുൾ ലത്തീഫ്,&മുഹമ്മദാലി 27/367-G | 1147/10-7-15 | 87.61 | 87.61*30= 2628-263(10%ഇളവ്) =2365+118 | 473+24 | 1892+94 |
| 4 | ശ്രീ.കെ അബ്ദുൾ ലത്തീഫ്,&മുഹമ്മദാലി 27/367-H | 1147/10-7-15 | 36.85 | 36.85*30= 1105-110(10%ഇളവ്) | 200+10 | 795+40 |

| | | | | | | |
|---|---|---|---|---|---|---|
| | | | | =995+50 | | |
| 5 | ശ്രീ.കെ അബ്ദുൾ ലത്തീഫ്,&മുഹമ്മദാലി 27/367-I | 1147/10-7-15 | 60.30 | 60.30*30=<br>1809-180(10%ഇളവ്)<br>=1629+81 | 326+17 | 1303+64 |
| 6. | ശ്രീ.കെ അബ്ദുൾ ലത്തീഫ്,&മുഹമ്മദാലി 27/367-J | 1147/10-7-15 | 160.13 | 160.13*30=<br>4803-480(10%ഇളവ്)<br>=4323+216 | 865+44 | 3458+172 |
| 7. | ശ്രീ.ആരിഫ് 27/205A | 1149/10-6-15 | 61.70 | 61.70*30=1851-185<br>(10%ഇളവ്)<br>=1666+83 | 343+18 | 1323+65 |
| 8. | ശ്രീ.ആരിഫ് 27/205B | 1149/10-6-15 | 61.70 | 61.70*30=1851-185<br>(10%ഇളവ്)<br>=1666+83 | 343+18 | 1323+65 |
| 9 | ശ്രീ.സൈതലവി<br>20/257A | 1281/28-7-15 | 32.14 | 32.14*30=964-96(10%ഇളവ്)=<br>868+43 | 174+9 | 694+34 |
| 10 | ശ്രീ.സൈതലവി<br>20/257B | 1282/28-7-15 | 32.14 | 32.14*30=964-96(10%ഇളവ്)=<br>868+43 | 174+9 | 694+34 |
| 11 | ശ്രീ.സൈതലവി<br>20/257C | 1283/28-7-15 | 32.14 | 32.14*30=964-96<br>(10%ഇളവ്)=<br>868+43 | 174+9 | 694+34 |
| | | | | | ആകെ | 15960(PT)<br>+<br>790(LC)=<br>16750 |

ഇക്കാര്യമുന്നയിച്ച് നല്കിയ എൻക്വയറി നമ്പർ-20/28.9.2016 ന മറുപടി നല്കിയിട്ടില്ല. ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തുക ഈടാക്കേണ്ടതാണ്.

## 2-3 ഷോപ്പിംഗ് കോംപ്ലക്സ് - വാടക ഈടാക്കാനുള്ളത്

2015-16 സാമ്പത്തിക വർഷത്തിൽ നഗരസഭയുടെ ഷോപ്പിങ്ങ്കോംപ്ളക്സ് മുറികളുടെ വാടകയിനത്തിൽ വലിയകുടിശ്ശിക നിലനില്ക്കുന്നതായി കാണുന്നു.വിശദാംശങ്ങൾ താഴെചേർക്കുന്നു.

| ക്രമനം | മുറിനമ്പർ | വാടകക്കാരന്റെപേര് | മാസവാടക | സേവനനികുതി | അടവാക്കാൻകുടിശ്ശികയുള്ള |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | | | വാടക |
| 1. | 122/2122 | പുതുക്കുടി മുഹമ്മദ് | 3000 | 420 | (3000+420)x2=<br>6840 |
| 2. | 127/2127 | പുതുക്കുടി കുഞ്ഞിമുഹമ്മദ് | 1500 | 210 | (1500+210)x2=<br>3420 |
| 3. | scb-15(1115) | കെ.പി.കുഞ്ഞിമുഹമ്മദ് | 5400 | 756 | (5400+756)x1=<br>6156 |
| 4. | ds-11(1211) | പുളക്കണ്ടൻജമീല | 2363 | 331 | (2363+331)x1=<br>2694 |
| 5. | 64 | കരിമ്പനക്കൽമൊയ്തീൻഷാ | 10010 | 1401 | (10010+1401)x1=<br>11411 |
| 6. | G9 | കാരിക്കുരിയാട്അബൂബക്കർ | 6912 | 968 | (6912+968)x2=<br>15760 |
| 7. | G15 | പി.എം.അഹമ്മദ്കുട്ടി | 6912 | 968 | (6912+968)x1=<br>7880 |
| 8. | മാംസസ്റ്റാൾ-4-4137 | പുതുക്കുടികുഞ്ഞലവി | 3150 | 441 | (3150+441)x7<br>=25137 |
| 9. | മത്സ്യസ്റ്റാൾ-7(4108) | കൊട്ടേക്കാടൻമൊയ്തീൻകുട്ടി. | 1050 | 147 | (1050+147)x1<br>=1197 |
| 10. | ,, 12(4113) | ചോക്കാട്ഹംസ | 1050 | 147 | 1197 |
| 11. | ,, 14(4115) | കുത്തുമാടൻകുഞ്ഞഹമ്മദ് | 1050 | 147 | 1197x12=14364 |
| 12. | ,, 16(4117) | മുതുവാടൻകുഞ്ഞിമുഹമ്മദ് | 1050 | 147 | 1197x2=2394 |
| 13. | ,, 10(4143) | തേനംപുലായ്ക്കൽഹംസ | 3150 | 441 | (3150+441)x2=<br>7182 |
| 14 | ലമൺസ്റ്റാൾ39D | കായംപിളാത്തിൽസജാദ് | 1000 | 140 | (1000+140)x6=<br>6840 |
| 15. | ടാക്സിസ്റ്റാന്റ്റൂം-1 | നെടുവഞ്ചേരിആയിഷ | 2819 | 395 | 2819+395)x12=<br>38568 |
| 16. | SCB/U5-1(ex)1201 | ഷംസുദീൻ.വി | 2625 | 368 | 2993x6=17958 |
| 17. | BWS/U5-6/8206 | പള്ളിതൊടിമുഹമ്മദൂബഷീർ | 1125 | 139 | 1264x12=1568 |
| 18. | M3-9116 | നൗഷാദ്പുതുക്കുടി | 4050 | 567 | 4617x2=9234 |
| 19. | M4-9117 | ഹുസൈൻപുതുക്കുടി | 4050 | 567 | 4617x3=13851 |
| 20. | M5,M6/9118,9119 | അഷറഫ് പു തുക്കുടി | 11600 | 1624 | 13224x3=39672 |
| 21. | M13(9109) | ടി.ഇ.ഹംസ | 4200 | 588 | (4200+588)x2=<br>9576 |
| 22. | 13/4114 | കോരൻതിരുത്തിമെയ്തീൻബാവ | 1050 | 147 | 1197X11=13167 |
| 23. | 21/4122 | കൊട്ടേക്കാടൻഇസ്മായിൽ | 1050 | 147 | 1197X8=9576 |
| 24. | 22/4123 | കൈപ്രംമുസ്തഫ | 1050 | 147 | 1197X4=4788 |
| 25. | 23/4124 | കൊട്ടേക്കാടൻമുസ്തഫ | 1050 | 147 | 1197X10=11970<br>1180x2=2360 |
| 26. | 29/430 | മുജീബ് | 1050 | 147 | 1180x2=2360<br>1197x10=11970 |

| | | | | | |
|---|---|---|---|---|---|
| 27. | 14/4135 | കല്ലിങ്ങൽകോയ | 3150 | 441 | 3591x10=35910 |
| 28. | M13/4140 | കല്ലിങ്ങൽസെയ്യാലികുട്ടി | 3150 | 441 | 3591x3=10773 |
| 29. | M9/4142 | പുതുക്കുടി റഷീദ് | 2100 | 260 | 2100+260)x1=<br>2360 |
| 30. | 17/4145 | സുലൈഖതിരുനിലത്ത് | 3150 | 441 | 3591x4=14364 |
| 31. | New(2)13/4148 | ,, ,, | 3150 | 441 | (3150+389)x2=<br>7078<br>3591x10=35910 |
| 32. | 21/5104 | മച്ചിഞ്ചേരിറഫീക്ക് | 1500 | 210 | 1710x7=11970 |
| 33. | 28/5101 | മച്ചിഞ്ചേരിമുഹമ്മദ് | 1000 | 140 | 1140x7=7980 |
| 34. | 36/6109 | എരണിയൻഏന്തു | 1000 | 140 | (1000+124)x2=<br>2248<br>1140x10=11400 |
| 35. | 39A | കാണക്കോട് രവി | 1000 | 140 | (1000+124)x2=<br>2248<br>1140x10=11400 |
| 36. | 150/2150 | വി.പി.മുജീബ് | 1500 | 210 | (1500+185)x2=<br>3370<br>1500+210)x10=<br>17100 |
| 37. | 176/2180 | തോട്ടോലിമുഹമ്മദാലി | 3000 | 420 | 3420x10=34200 |
| 38. | 173/2173 | വി.പി.അബ്ദുൾനസീർ | 2000 | 247 | 2247x2=4494<br>(2000+280)x10=<br>22800 |
| 39. | 178/2178 | കളത്തിൽപീടിയേക്കൽഅലി | 3000 | 371 | 3371x2=6742 |
| 40. | 1223/SC | വിഷ്ണുകുമാർഇരഞ്ഞിക്കൽ | 1260 | 176 | (1260+156)x2=2832<br>(1260+176)x10=14360 |
| 41. | മീറ്റ്സ്റ്റാൾ-12 | കല്ലിങ്കൽമരക്കാർ | 2100 | 294 | (2100+260)x1=2360<br>2100+294)x10=<br>23940 |

കുടിശ്ശികയുള്ള വാടക പിഴ സഹിതം ഈടാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 പരസ്യനികുതി-അപാകതകൾ

നഗരസഭ ഭരണസമിതിയുടെ 29.4.2015 ലെ 16-)ം നമ്പർ തീരുമാനപ്രകാരം കോട്ടക്കൽനഗരസഭപ്രദേശത്തുള്ള കെ.എസ്.ഇ.ബിയുടെ വൈദ്യുതകാലുകളിൽ ക്ളീൻകേരളകമ്പനി ലിമിറ്റഡിന്റെപരസ്യബോർഡ് സ്ഥാപിക്കുന്നതിന്അവരുടെ അപേക്ഷ പരിഗണിച്ച്അനുമതി നൽകുകയും പരസ്യനികുതി ഈടാക്കുന്നതിന് തീരുമാനമെടുത്തുവെങ്കിലും ഈ ഇനത്തിൽ 2015-16വർഷത്തിൽവരുമാനമൊന്നും ലഭിച്ചിട്ടില്ല.(ഓഡിറ്റ് എൻക്വയറി നം.5/23-09-2016 )

ഇത് സംബന്ധിച്ച വിശദാംശങ്ങൾഅടങ്ങിയ ആർ.3/7039/15 നമ്പർ ഫയൽ പരിശോധനക്ക് ഹാജരാക്കുന്നതിന് നിർദേശിച്ചെങ്കിലും ഹാജരാക്കിയില്ല.വിശദീകരണം നൽകേണ്ടതാണ്.

## 2-5 തൊഴിൽനികുതി - അപാകതകൾ

തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ തൊഴിൽ നികുതിയിനത്തിലെ വരവിന്റെ ആധികാരികത ഓഡിറ്റിന് പരിശോധിക്കാനായിട്ടില്ല. ലഭ്യമായ തൊഴിൽനികുതി റിട്ടേണുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽ പെട്ടു.

1- വരുമാനത്തിന് ആനുപാതികമായ നിരക്കിൽ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

താഴെ പറയുന്ന ജീവനക്കാരിൽ നിന്നും വരുമാനത്തിന് ആനുപാതികമായ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | പേര് | അർദ്ധ വാർഷിക വരുമാനം | അടവാക്കിയ തൊഴിൽ നികുതി | അടവാക്കേണ്ട നികുതി | കുറവ് |
|---|---|---|---|---|---|
| 1 | ശ്രീ മാനുക്കുട്ടൻ.കെ<br>എഫ്.ടി.എം , ജി.ആർ .എച്ച്.എസ്.എസ്, കോട്ടക്കൽ | 126498 (ഒന്നാം അർദ്ധ വർഷം) | 1000 | 1250 | 250 |
| 2 | ശ്രീമതി. ലൈല.പി.ടി<br>അൽമാസ് ഹോസ്പിറ്റൽ, കോട്ടക്കൽ | 101040 (ഒന്നാം അർദ്ധ വർഷം) | 750 | 1000 | 250 |
| 3 | ശ്രീ.പ്രശാന്ത്.എഫ്<br>സി.പി.ഒ, പോലീസ് സ്റ്റേഷൻ , കോട്ടക്കൽ | 125496 ( ഒന്നാം അർദ്ധ വർഷം) | 1000 | 1250 | 250 |
| 4 | ശ്രീ.അനീഷ്.കെ.ബി<br>സി.പി.ഒ, പോലീസ് സ്റ്റേഷൻ , കോട്ടക്കൽ | 125496 ( ഒന്നാം അർദ്ധ വർഷം) | 1000 | 1250 | 250 |
| 5 | ശ്രീ.ശരത് നാഥ്<br>സി.പി.ഒ, പോലീസ് സ്റ്റേഷൻ , കോട്ടക്കൽ | 125496 ( ഒന്നാം അർദ്ധ വർഷം) | 1000 | 1250 | 250 |
| 6 | ശ്രീ.രതീഷ്<br>സി.പി.ഒ, പോലീസ് സ്റ്റേഷൻ , | 125496 ( ഒന്നാം അർദ്ധ വർഷം) | 1000 | 1250 | 250 |

| | | | | | |
|---|---|---|---|---|---|
| | കോട്ടക്കൽ | | | | |
| 7 | ശ്രീ.മുജീബ് റഹ്മാൻ സി.പി.ഒ, പോലീസ് സ്റ്റേഷൻ , കോട്ടക്കൽ | 125496 ( ഒന്നാം അർദ്ധ വർഷം) | 1000 | 1250 | 250 |
| 8 | ശ്രീ.വിജേഷ്.എൻ സി.പി.ഒ, പോലീസ് സ്റ്റേഷൻ , കോട്ടക്കൽ | 125496 ( ഒന്നാം അർദ്ധ വർഷം) | 1000 | 1250 | 250 |
| 9 | ശ്രീ.ധനേഷ്.എം.കെ സി.പി.ഒ, പോലീസ് സ്റ്റേഷൻ , കോട്ടക്കൽ | 125496 ( ഒന്നാം അർദ്ധ വർഷം) | 1000 | 1250 | 250 |
| 10 | ശ്രീ.ശ്രീഹരീഷ് സി.പി.ഒ, പോലീസ് സ്റ്റേഷൻ , കോട്ടക്കൽ | 125496 ( ഒന്നാം അർദ്ധ വർഷം) | 1000 | 1250 | 250 |
| 11 | ശ്രീമതി. ആദിത്യ സി.പി.ഒ, പോലീസ് സ്റ്റേഷൻ , കോട്ടക്കൽ | 125496 ( ഒന്നാം അർദ്ധ വർഷം) | 1000 | 1250 | 250 |
| 12 | ശ്രീ.അനിൽ സി.പി.ഒ, പോലീസ് സ്റ്റേഷൻ , കോട്ടക്കൽ | 125496 ( ഒന്നാം അർദ്ധ വർഷം) | 1000 | 1250 | 250 |
| 13 | ശ്രീ.രമേഷ് സി.പി.ഒ, പോലീസ് സ്റ്റേഷൻ , കോട്ടക്കൽ | 125496 ( ഒന്നാം അർദ്ധ വർഷം) | 1000 | 1250 | 250 |
| 14 | ശ്രീ.ഷിബുരാജ് സി.പി.ഒ, പോലീസ് സ്റ്റേഷൻ , കോട്ടക്കൽ | 125496 ( ഒന്നാം അർദ്ധ വർഷം) | 1000 | 1250 | 250 |
| 15 | ശ്രീ.അബ്ദുള്ളക്കോയ സി.പി.ഒ, പോലീസ് സ്റ്റേഷൻ , കോട്ടക്കൽ | 125496 ( ഒന്നാം അർദ്ധ വർഷം) | 1000 | 1250 | 250 |
| 16 | ശ്രീമതി. ഷർമ്മിദ.കെ.ടി, കനറ ബാങ്ക് | 126028 ( രണ്ടാം അർദ്ധ വർഷം) | 1000 | 1250 | 250 |

| | | | | | |
|---|---|---|---|---|---|
| 17 | ശ്രീമതി. ഷർമ്മിദ.കെ.ടി, കനറ ബാങ്ക് | 104967 ( രണ്ടാം അർദ്ധ വർഷം) | 750 | 1000 | 250 |
| ആകെ | | | | | 4250 |

2. സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല.

താഴെ പറയുന്ന ധനകാര്യ സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

1- ന്യൂ ഇന്ത്യ അഷ്വുറൻസ് കമ്പനി ലിമിറ്റഡ്

2- ആക്സിസ് ബാങ്ക് ലിമിറ്റഡ്

3- എച്ച്.ഡി.എഫ്.സി ബാങ്ക്

4- ഐ.സി.ഐ.സി.ഐ ബാങ്ക്

5- ബാങ്ക് ഓഫ് ബറോഡ

6- യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ

7- ഇന്ത്യൻ ഓവർസീസ് ബാങ്ക്

8- എൽ.ഐ.സി, കോട്ടക്കൽ

9- യു.എ.ഇ എക്സ്ചേഞ്ച് & ഫിനാൻഷ്യൽ സർവ്വീസ് ലിമിറ്റഡ്

10- സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ

!1- മുത്തൂറ്റ് മിനി നിധി കേരള ലിമിറ്റഡ്

12- മണപ്പുറം ഫിനാൻഷിയേഴ്സ് ലിമിറ്റഡ്

ഈടാക്കാൻ അവശേഷിക്കുന്ന 4250/- രൂപ അതാത് ജീവനക്കാരിൽ നിന്നോ അല്ലാത്ത പക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നോ ഈടാക്കി വിവരം അറിയിക്കാനും സ്ഥാപന തൊഴിൽനികുതി അടവാക്കാത്തത് സംബന്ധിച്ച് വിശദീകരണം നൽകാനും ആവശ്യപ്പെട്ട് 28-09-16 -ന് നൽകിയ 21-ാം നമ്പർ ഓഡിറ്റ്എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ നഷ്ട തുക ഈടാക്കി പ്രഥമ മറുപടിയിൽ വിവരമറിയിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ചെലവുകണക്കുകൾക്ക് രേഖകൾ ഹാജരാക്കാത്ത കൺവീനർക്ക് പണം നൽകിയത് തടസ്സം ചെയ്യുന്നു.

1997- ലെ കേരള മുനിസിപ്പാലിറ്റി പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ചട്ടങ്ങൾ, പ്രകാരം ഗുണഭോക്തൃ കമ്മറ്റികൾ മുഖേന മരാമത്ത് പ്രവൃത്തികൾ നിർവ്വഹിക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ, പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ, സംസ്ഥാന ആസൂത്രണ ബോർഡ് 1999 ഡിസംബറിൽ പ്രസിദ്ധീകരിച്ച ഗുണഭോക്തൃ സമിതി മാർഗ്ഗരേഖ എന്നിവ പ്രകാരമുള്ള മിക്ക നിർദ്ദേശങ്ങളും, മാർഗ്ഗരേഖകളും പാലിക്കാതെയും പ്രവൃത്തി സംബന്ധമായ യാതൊരു വിധ ചെലവു

രേഖകളും മസ്റ്റർ റോളുകളും വാങ്ങിയ സാധനങ്ങൾക്ക് ബില്ലുകൾ ഇല്ലാതെയും താഴെ പറയുന്ന മരാമത്ത് പ്രവൃത്തികളിൽ കരാറുകാർക്കെന്ന പോലെ മൂല്യനിർണ്ണയം നടത്തി തുക നൽകിയതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഫയൽ നമ്പർ | പ്രൊജക്റ്റ് | അടങ്കൽ തുക | കൺവീനർ | മൂല്യനിർണ്ണയ തുക | എം.ബുക്ക് | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1. | 15934/15 | 80/16<br>ചാണ്ടിച്ചിറ റോഡ് രണ്ടാം ഘട്ട നിർമ്മാണം. | 7 ,00,000 (CFC) | ഉബൈദ്.പി | 6,49,589 രൂപ. | 277/14-15 | വൗച്ചർ നമ്പർ 35/3-2-16 |
| 2 | 12703/14 | 45/16<br>മദ്രസപടി മൈലാടി റോഡ് ടാറിംഗ് പ്രവൃത്തി | 3,50,000 (വികസന ഫണ്ട്) | കൺവീനർ - ദാവൂദ് മാട്ടിൽ,മരവട്ടം | 3,42,592 രൂപ | 185/14-15 , | വൗച്ചർ നമ്പർ 28/4-1-16 |
| 3 | 4537/16 | 93/16<br>അയ്യമ്പാക്കം റോഡിൽ കൾവർട്ട് നിർമ്മാണം | 10 ,00,000 (വികസന ഫണ്ട്) | കെ. ഇബ്രാഹിം കറുത്തേടത്ത്. | 9,99,998 രൂപ. | 48/15-16 | വൗച്ചർ നമ്പർ 59/16-3-16 |
| 4 | PW2/ 1247/16 | 56/16<br>പാലത്തറ കുന്നമ്മൽ റോഡ് റീ ടാറിംഗ്.<br>അടങ്കൽ 4,99,000 (MG- Road) | 4,99,000 രൂപ. | എം.അൻവർ | 4,99,000 രൂപ. | 54/15-16 | വൗച്ചർ നമ്പർ 68/31-3-16 |
| 5. | PW2 -12492/15 | 162/16<br>ടാക്സി സ്റ്റാന്റ് പുരോഗമന പ്രവൃത്തിയും ലീഗ് ഓഫീസ് റോഡിൽ ഐറിഷ് ഡ്രൈൻ നീട്ടലും.<br>അടങ്കൽ | 2,00,000 (MG- Road) | കൺവീനർ -മുസ്തഫ ഉള്ളാഞ്ചേരി | 2,00,000 രൂപ. | 57/15-16 | വൗച്ചർ നമ്പർ 71/31-3-16 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | |
| 6 | PW2 -15784/14 | 106/16 (161/15) വലിയ പറമ്പ് മിനി സ്റ്റേഡിയം സംരക്ഷണ പ്രവൃത്തി | 5 ,00,000 (വികസനഫണ്ട് ജനറൽ) | അബ്ദുൾ കരീം. പി | 5,00,000 രൂപ | 59/15-16 | വൗച്ചർ നമ്പർ 65/31-3-16 റിമാർക്സ്: ഗുണഭോക്തൃ സമിതി രൂപീകരണ മിനുട്സ് മാത്രം ലഭ്യമാക്കി. |
| 7 | PW2 -13194/14 | 52/16 വാർഡ് 11- ലക്ഷം വീട് കോളനി ഇന്റേണൽ റോഡ് പുനരുദ്ധാരണം | 4,65,000 (വികസനഫണ്ട് ) | മുഹമ്മദ് കാസിം ചപ്പാരുകാട്ടിൽ | 4,64,914 | 140/14 | വൗച്ചർ നമ്പർ 33/1-2-16 റിമാർക്സ്: കരാർ 14/14-10-14 ഗുണഭോക്തൃ സമിതി രൂപീകരണ മിനുട്സ് മാത്രം ലഭ്യമാക്കി. |
| 8. | PW2 -15912/14 | 82/16 ആലിക്കൽ കുറുക്കനാട്ടീരി റോഡ് കോൺക്രീറ്റിംഗ് | 400,000 (വികസനഫണ്ട് ജനറൽ 5000 + ധനകാര്യ കമ്മീഷൻ 3,95,000) | കൺവീനർ -ഷംസുദ്ധീൻ.പി.പി | 3,75,228 രൂപ | 147/12-13 | വൗച്ചർ 3/23-9-15 റിമാർക്സ്: ഗുണഭോക്തൃ സമിതി രൂപീകരണ മിനുട്സ് മാത്രം ലഭ്യമാക്കി. |
| | | ആകെ | | | 4031321 | | |

കൺവീനർ സമർപ്പിക്കേണ്ട യാതൊരു ചെലവു രേഖകളും സമർപ്പിക്കാതെ കരാറുകാർക്കെന്ന പോലെ മൂല്യനിർണ്ണയം നടത്തിയാണ് ഈ പ്രവർത്തികൾക്ക് പണം നൽകിയിരിക്കുന്നത്. മേൽ പറഞ്ഞ പ്രവൃത്തികളിൽ ആകെ നൽകിയ 40,31,321 രൂപ തടസ്സം ചെയ്യുന്നു.(അപ്രകാരം നൽകിയ ചെലവ് തടസ്സം ചെയ്യാതിരിക്കാൻ എന്തെങ്കിലും മറുപടിയുണ്ടെങ്കിൽ ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ 19/27-09-2016 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 3-2 ഗുണഭോക്തൃ സമിതി മുഖേനയുള്ള മരാമത്ത്പണികളിൽ മാർഗ്ഗരേഖകളും

ഉത്തരവുകളും പാലിക്കുന്നില്ല.

നഗരസഭയിൽ മുനിസിപ്പൽ എഞ്ചിനീയർ 2015-16 വർഷം നടപ്പിലാക്കിയ 90 മരാമത്ത് പ്രവൃത്തികളിൽ 83 എണ്ണം ഗുണഭോക്തൃസമിതികൾ വഴിയും 7 എണ്ണം ടെണ്ടർ നടപടികളിലൂടെയുമാണ് നടപ്പിലാക്കിയിട്ടുള്ളത്. കേരള മുനിസിപ്പാലിറ്റി (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 13പ്രകാരവും സംസ്ഥാന ആസൂത്രണ ബോർഡ് 1999 ൽ പ്രസിദ്ധീകരിച്ച "ഗുണഭോക്തൃസമിതി മാർഗ്ഗരേഖ"യിലും ഗുണഭോക്തൃസമിതി മുഖേന നഗരസഭ നടപ്പിലാക്കുന്ന പൊതുമരാമത്ത് പണിയുടെ കാര്യത്തിൽ ഇടപാട് സുതാര്യവും ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കണമെന്നും അല്ലാത്ത സംഗതികളിൽ ഗുണഭോക്തൃ സമിതിയുടെ കൺവീനർ നഗരസഭയുമായി വച്ചിട്ടുള്ള കരാർ റദ്ദാക്കപ്പെടുന്നതും, ഗുണഭോക്തൃസമിതിയുടെ നഷ്ടോത്തരവാദിത്വത്തിൽ പ്രസ്തുത പണി പഞ്ചായത്ത് നേരിട്ടോ കരാറുകാരൻ മുഖേനയോ പൂർത്തിയാക്കപ്പെടേണ്ടതും, ബിനാമി ഇടപാടിന് കാരണക്കാരായവരെ നഗരസഭാ ഫണ്ടിന്റെ ദുർവിനിയോഗത്തിന് ഉത്തരവാദികളായി കണക്കാക്കുന്നതുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മേൽ മാർഗ്ഗരേഖ പ്രകാരമുള്ള മിക്ക നിർദ്ദേശങ്ങളും, ഗുണഭോക്തൃ കമ്മിറ്റി മുഖേന മരാമത്ത് പണികൾ നടത്തിയപ്പോൾ പാലിച്ചിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

1. ഗുണഭോക്തൃ സമിതി രൂപീകരണം

ഗുണഭോക്തൃ സമിതിയിൽ പരമാവധി 15 അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതും 30% സ്ത്രീകൾ ഉണ്ടായിരിക്കേണ്ടതുമാണെന്ന് ചട്ടം 13(2) ലും മാർഗ്ഗരേഖയിലും വ്യക്തമാക്കുന്നു. എന്നാൽ 30% സ്ത്രീകൾ എന്ന നിർദ്ദേശം പാലിച്ചിട്ടില്ല.

2. പണമിടപാടുകൾക്ക് സംയുക്ത ബാങ്ക് അക്കൗണ്ട് ഇല്ല

2. ഗുണഭോക്തൃസമിതിയുടെ പണമിടപാടുകൾക്ക് കൺവീനറുടെയും ചെയർമാന്റെയും പേരിലുള്ള ജോയിന്റ് അക്കൗണ്ട് ആരംഭിച്ചിട്ടില്ല. കൺവീനർമാർ ആരും തന്നെ പണി നടത്തുന്നതിലേക്കായി നഗരസഭയിൽനിന്നും മൊബലൈസേഷൻ അഡ്വാൻസ് കൈപ്പറ്റിയിട്ടില്ലെന്നതും ശ്രദ്ധേയമായ കാര്യമാണ്.

3. നിർവ്വഹണോദ്യോഗസ്ഥൻ ഹാജരാക്കിയ എഗ്രിമെന്റ് രജിസ്റ്ററിൽ പൂർണ്ണമായി രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല.

4.മസ്റ്റർ റോൾ

വിവിധ വിഭാഗം തൊഴിലാളികളുടെ പേര്, വിലാസം, വയസ്സ്, അച്ഛന്റെ പേര്, ഹാജർ, വേതന നിരക്ക്, വേതനം എന്നിവ അതത് ദിവസം രേഖപ്പെടുത്തുന്ന മസ്റ്റർ റോൾ ഒരാഴ്ചത്തേക്ക് ഒന്ന് എന്ന ക്രമത്തിൽ വെക്കണം.മസ്റ്റർ റോളിന്റെ അവസാന ഭാഗത്ത് കൺവീനറും ചെയർമാനും തിയ്യതി വെച്ച് ഒപ്പിടണം.ആ മസ്റ്റർ റോൾ പ്രകാരം ഏത് പ്രവൃത്തിയാണ് ചെയ്തിട്ടുള്ളതെന്നും രേഖപ്പെടുത്തണം.ഇത് പാലിച്ചിട്ടില്ല.മസ്റ്റർ റോൾ എ.ഇ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

5.നിർമ്മാണ സാധനങ്ങൾ വാങ്ങൽ

പ്രവൃത്തിക്കാവശ്യമായ സാധനങ്ങൾ ഗുണനിലവാരവും വിലയും പരിശോധിച്ച് വാങ്ങണം.ആവശ്യമെങ്കിൽ ക്വട്ടേഷൻ നടപടികൾ സ്വീകരിക്കണം.സാധനങ്ങളുടെ അളവ്, നിരക്ക്,മൊത്തം വില,തിയ്യതി എന്നിവ രെഖപ്പെടുത്തിയ കാഷ് ബില്ലോ രശീതിയോ വേണം.സിമന്റ്,കമ്പി,ബിറ്റുമിൻ എന്നിവ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നോ ഡീലർമാരിൽ നിന്നോ മാത്രമേ വാങ്ങാവൂ.എന്നാൽ മിക്ക പ്രവൃത്തികളിലും ബിൽ/രശീതി ഹാജരാക്കിയിട്ടില്ല.മാത്രവുമല്ല 13.03.13-ലെ എൽ.എസ്.ജി.ഡി. എക്സി. എഞ്ചിനീയറുടെ സർക്കുലർ പ്രകാരം ഗുണഭോക്തൃസമിതി കൺവീനർമാർ വർക്ക് ബില്ലുകൾ സമർപ്പിക്കുമ്പോൾ പ്രവൃത്തിക്ക് ഉപയോഗിച്ച എല്ലാ സാധന സാമഗ്രികളുടെയും ക്യാഷ് ബിൽ അസി. എഞ്ചിനീയർ നിർബന്ധമായും ക്വാളിറ്റി സർട്ടിഫൈ ചെയ്യേണ്ടതും, ബന്ധപ്പെട്ട അസി. എക്സി. എഞ്ചിനീയർ മേലൊപ്പിടേണ്ടതും നിർബന്ധമാണ്.

6.യന്ത്ര സാമഗ്രികളുടെ വാടക

വാടകയ്ക്കെടുക്കുന്ന യന്ത്ര സാമഗ്രികളുടെ വാടക നൽകുന്നതിനും വൗച്ചർ വേണം.എന്നാൽ വാടക വൗച്ചർ ഇല്ല.

7.വരവ് ചെലവ് കണക്ക് പുസ്തകം

വരവും ചെലവും അതാത് ദിവസം കൃത്യമായി രേഖപ്പെടുത്തുന്ന വരവ് ചെലവ് കണക്ക് പുസ്തകം സൂക്ഷിക്കുകയും മാസാവസാനം മൊത്തം വരവും ചെലവും കൂട്ടിനോക്കി നീക്കിയിരിപ്പ് സംഖ്യ എഴുതി ബാങ്ക് അക്കൗണ്ടുമായി ഒത്തു നോക്കണം. 1997- ലെ കേരള മുനിസിപ്പാലിറ്റി പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ചട്ടങ്ങൾ, പ്രകാരം ഗുണഭോക്തൃ കമ്മറ്റികൾ മുഖേന മരാമത്ത് പ്രവൃത്തികൾ നിർവ്വഹിക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ, പദ്ധതി

നിർവ്വഹണ മാർഗ്ഗരേഖ, സംസ്ഥാന ആസൂത്രണ ബോർഡ് 1999 ഡിസംബറിൽ പ്രസിദ്ധീകരിച്ച ഗുണഭോക്തൃ സമിതി മാർഗ്ഗരേഖ എന്നിവ പ്രകാരമുള്ള മിക്ക നിർദ്ദേശങ്ങളും പാലിച്ചിട്ടില്ല.

8. മിനിട്സ് ബുക്ക്

സമിതി ആഴ്ചയിലൊരിക്കൽ യോഗം ചേരുകയും വൗച്ചറുകൾ പാസാക്കുകയും പ്രവൃത്തി പുരോഗതി വിലയിരുത്തുകയും തീരുമാനങ്ങൾ മിനിട്സിൽ രേഖപ്പെടുത്തുകയും വേണം.എന്നാൽ മിക്ക പ്രവൃത്തികളുടെ കാര്യത്തിലും കൺവീനറെയും ചെയർമാനെയും തെരഞ്ഞെടുക്കുന്നതിനായി ഒറ്റത്തവണ മാത്രമാണ് സമിതി യോഗം ചേർന്നിട്ടുള്ളത്.വരവു ചെലവു കണക്കുപോലും സമിതി അംഗീകരിക്കുന്നില്ല.

9. ദൈനം ദിന ഡയറി

പ്രവൃത്തി നിർവ്വഹണത്തിൽ ഓരോ ദിവസവും നടക്കുന്ന പ്രധാന കാര്യങ്ങൾ രേഖപ്പെടുത്തുന്നതിന് കൺവീനർ ഒരു ദൈനം ദിന ഡയറി സൂക്ഷിക്കണം.മോണിറ്ററിംഗ് സമിതിയുടെ പരിശോധനാകുറിപ്പുകൾ ഈ ഡയറിയിൽ രേഖപ്പെടുത്തിക്കുകയും വേണം. ആയത് പാലിച്ചിട്ടില്ല.

10. പൂർത്തീകരണ റിപ്പോർട്ട്

പ്രവൃത്തി പൂർത്തിയാക്കിയ ശേഷം ,കരാർ ഉടമ്പടി പ്രകാരമുള്ള പ്രവൃത്തി പൂർത്തിയാക്കിയിരിക്കുന്നു എന്ന റിപ്പോർട്ട് ,വരവു ചെലവു കണക്ക്, വൗച്ചറുകൾ,മസ്റ്റർ റോൾ,ഉപയോഗിച്ച മെറ്റീരിയലിന്റെ കണക്കുകൾ എന്നിവ സഹിതം കൺവീനർ നഗരസഭയ്ക്ക് നൽകണം.എന്നാൽ ഇപ്രകാരമുള്ള റിപ്പോർട്ടോ മുഴുവൻ രേഖകളോ ഫയലിനൊപ്പം ഹാജരാക്കിയിട്ടില്ല.

11. സംരക്ഷണ കമ്മിറ്റി രൂപീകരണം

പ്രൊജക്ട് പൂർത്തിയാക്കി വരവു ചെലവ് അവതരിപ്പിക്കുന്നതിനു വേണ്ടി വിളിച്ചു ചേർക്കുന്ന ഗുണഭോക്താക്കളുടെ പൊതുയോഗത്തിൽ വച്ച് നിർവ്വഹണ കമ്മിറ്റി പിരിച്ചു വിടുകയും സംരക്ഷണത്തിനും നടത്തിപ്പിനും വേണ്ടിയുള്ള കമ്മിറ്റി രൂപീകരിക്കുകയും വേണം.ഈ കമ്മിറ്റി സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്യണം.ആയതും പാലിച്ചിട്ടില്ല.

ഗുണ ഭോക്തൃ സമിതി മാർഗ്ഗരേഖകൾ പാലിക്കാതെ യുള്ള മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് ചട്ടപ്രകാരമല്ല.

ഇത്തരത്തിൽ അപൂർണ്ണമായ ഫയലുകൾ സൂചിപ്പിക്കുന്നത് മാർഗ്ഗരേഖകൾ പ്രകാരമല്ല പദ്ധതികൾ നിർവ്വഹണം നടത്തിയിട്ടുള്ളത് എന്നാണ്. 04.03.13-ലെ തദ്ദേശഭരണ വകുപ്പിന്റെ സർക്കുലർ നം.1047/ഡി.എ.1/13/തസ്വഭവ പ്രകാരം ഗുണഭോക്തൃസമിതികൾ പൊതുമരാമത്ത് പ്രവൃത്തികൾ നടത്തുമ്പോൾ ഇതുമായി ബന്ധപ്പെട്ട് വ്യവസ്ഥകൾ കർശനമായും പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർ 13.03.13-ലെ സർക്കുലർ നം. HD/EE/LSGD/12/13 പ്രകാരം ടി വിഷയം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ എല്ലാ അസി. എഞ്ചിനീയർമാർക്കും നൽകിയിരുന്നു. എന്നാൽ പൊതുമരാമത്ത് പണി നടത്തിപ്പ് ചട്ടങ്ങളും, സർക്കാർ നിർദ്ദേശങ്ങളും പാടെ അവഗണിച്ചാണ് ഗുണഭോക്തൃസമിതികൾ മുഖാന്തിരം മരാമത്ത് പ്രവൃത്തികൾ നടത്തിയിട്ടുള്ളത്. പൊതുമരാമത്ത് പണി നടത്തിപ്പ് ചട്ടങ്ങളിലെ ചട്ടം 13(2)-ൽ ഗുണഭോക്തൃസമിതി രൂപീകരിക്കേണ്ടത് എപ്രകാരമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ പ്രവൃത്തികൾ മത്സരാധിഷ്ഠിത ടെണ്ടറുകൾ ക്ഷണിച്ച് സുതാര്യമായി നടപ്പിലാക്കിയിരുന്നുവെങ്കിൽ ടെണ്ടർ ഫാറം വില്പന ഇനത്തിലും, ടെണ്ടർ സേവിംഗ്സ് ഇനത്തിലും ഗണ്യമായ തുക നഗരസഭക്ക് നിശ്ചയമായും ലാഭിക്കാമായിരുന്നു.

നിർമ്മാണ പ്രവൃത്തികളുടെ നടത്തിപ്പിൽ കരാർ മുഖേനയുള്ള പ്രവൃത്തികൾ പരമാവധി ഒഴിവാക്കുന്നതിനും, ജനപങ്കാളിത്തത്തോടെ സുതാര്യമായും, ഗുണനിലവാരം പുലർത്തിയും ചെലവ് ചുരുക്കിയും നിർമ്മാണ പ്രവൃത്തികൾ നടപ്പാക്കുന്നതിനും വേണ്ടിയാണ് സർക്കാർ ഗുണഭോക്തൃസമിതികൾ മുഖാന്തിരം പ്രവൃത്തികൾ നടപ്പിലാക്കുന്നതിനെ പ്രോത്സാഹിപ്പിക്കുന്നത്. എന്നാൽ ഈ ഉദ്ദേശ്യങ്ങളെ പാടെ നിരാകരിക്കുന്ന തരത്തിലാണ് നഗരസഭയിൽ പദ്ധതി നിർവ്വഹണം നടന്നിരിക്കുന്നത്. അപാകതയിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. പരിഹാര നടപടികൾ സ്വീകരിക്കേണ്ടതും, വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കിയ മുഴുവൻ മരാമത്ത് പ്രവൃത്തികളുടെയും നിർവ്വഹണം സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തുന്നത് ഉചിതമായിരിക്കും.

## 3-3 വാർഷികപദ്ധതിയിൽ ഉൾപ്പെടുത്താതെയും പ്രോജക്റ്റ് തയ്യാറാക്കി അംഗീകാരം

## വാങ്ങാതെയും മരാമത്ത് പ്രവൃത്തികൾക്ക് തുക ചെലവഴിച്ചത് തടസ്സം ചെയ്യുന്നു(15692932രൂപ)

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സീഡിയും അനുബന്ധവിഷയങ്ങളും സംബന്ധിച്ച പരിഷ്കരിച്ച മാർഗരേഖ സ.ഉ.(എം.എസ്) 362/2013/തസ്വഭവ./16.11.2013 പ്രകാരം എസ്റ്റാബ്ലിഷ്മെന്റ്ചെലവുകൾ, വികസനേതരചെലവുകൾ, അനിവാര്യ പൊതുച്ചമതലകൾ നിറവേറ്റുന്നതിനായി വേണ്ടിവരുന്നചെലവുകൾ, മുതലായവ വഹിച്ചതിനുശേഷമുള്ള മിച്ചവും പൊതുആവശ്യഫണ്ടിലെമിച്ചമുള്ളതുകയും പ്രോജക്റ്റുകൾക്ക് തനത്ഫണ്ട് സ്രോതസ്സായി വാർഷികപദ്ധതിയിൽ ഉൾപ്പെടുത്താൻ നിർദേശിച്ചിട്ടുണ്ട്. കേരള മുനി.ആക്റ്റ് 217. വകുപ്പിൽപരാമർശിക്കുന്നഅധികാരസ്ഥാനങ്ങളിൽ നിന്ന്ഭരണാനുമതി ലഭ്യമാക്കുമ്പോൾ ജില്ലാ ആസൂത്രണ സമിതിയുമായി കൂടിയാലോചിക്കാനും നിർദേശമുണ്ട്. വാർഡ്സഭകളിൽ നിന്ന് മരാമത്തു പ്രവൃത്തികൾക്ക് നിർദേശമുണ്ടായിട്ടില്ലാത്ത സാഹചര്യത്തിൽ പൊതുമരാമത്ത്പണികളുടെനടത്തിപ്പ് ചട്ടങ്ങൾ പാലിക്കാതെയാണ്പദ്ധതിനടപ്പിലാക്കിയത്. സാങ്കേതികാനുമതിക്കുമുൻപായിഅനുമതി നൽകിയഉദ്യോഗസ്ഥൻ ഭാഗികമായെങ്കിലും സ്ഥലപരിശോധന നടത്തിയതായിരേഖകളില്ല.

താഴെപ്പറയുന്ന മരാമത്ത് പ്രവൃത്തികൾക്കാണ് TS ഉം AS ഉം ലഭ്യമാക്കിയശേഷം പ്രോജക്റ്റ് തയ്യാറാക്കി ആസൂത്രണ സമിതി അംഗീകാരം വാങ്ങാതിരുന്നത് തനത്ഫണ്ടിൽ നിന്നും ഗുണഭോക്തൃ സമിതി വഴി നിർവ്വഹണം നടത്തിയ ഈ പ്രവൃത്തികൾക്ക് മുൻസിപ്പൽ എഞ്ചിനീയർ മേൽനോട്ടം വഹിക്കുകയും സെക്രട്ടറി ചെക്ക് നൽകുകയും ചെയ്യുന്നു.

| ക്രമനം. | പ്രവൃത്തി | വൗച്ചർനം. | ചെക്ക്നം/തിയതി | തുക |
|---|---|---|---|---|
| 1 | മാട്ടാൻകുഴിചണ്ടിചിററോഡ്പുരോഗമനപ്രവൃത്തി PW2-16803/12 | 59/7-15 | 1428102/17.7.15 | 471695 |
| 2 | മുണ്ടിയൻചിറപട്ടാളഇടവഴികോൺക്രീറ്റിങ് PW2-2471/12(15) | 50/4-15 | 2573309/23-4-15 | 47155 |
| 3 | തമ്പുരാൻകുണ്ട്ഇടവഴികോൺക്രീറ്റിംഗ് PW2-15927/13 | 42/10-15 | 161096/19.10.15 | 353749 |
| 4 | തേക്കിൻകാട്റോഡ് കോൺക്രീറ്റിങ് PW2-12909/15 | 47/3-16 | 162518/16.3.16 | 282962 |
| 5 | ഇന്ത്യനൂർചിറക്ക തൊടിറോഡ്കോൺക്രീറ്റിംഗ് PW2-17686/15 | 76/2-16 | 162494/24.2.16 | 468744 |
| 6 | കാവതികളംകളമ്പ് റൊഡ്കോൺക്രീറ്റിങ്PW2-1432/16 | 77/2-16 | 16295/24.2.16 | 471668 |
| 7 | ആലിൻചുവട്പള്ളപ്പിൽകോളനിറോഡ്പുനരുദ്ധാരണം PW2-2471/12(11) | 27/5-15 | 142719/8.5.15 | 252575 |
| 8 | കുറുവാക്കോട്ടിൽഇടവഴികോ ൺക്രീറ്റിങ് PW2-13958/15 | 43/10-15 | 142811/20.10.15 | 235848 |
| 9 | നരിമടറോഡ്പുരോഗമനംPW2-2471/12(19) | 36/8-15 | 1428106/12.8.15 | 471696 |
| 10 | ആശാരിക്കുത്തമ്പ്റോഡ്കോൺക്രീറ്റിങ് PW2-2471/12(26) | 24/12-15 | 161139/5.12.15 | 174487 |

| | | | | |
|---|---|---|---|---|
| 11 | എറയസ്സൻകുളമ്പ്ഇടവഴികോൺക്രീറ്റിങ് PW2-801/15 | 36/5-15 | 2573317/12.5.15 | 349054 |
| 12 | വെസ്റ്റ് വില്ലൂർകണ്ണാത്തിചിററിപ്പയർ | 55/6-15 | 145510/19.6.15 | 403605 |
| 13 | 31,28,വാർഡുകളില കുഴൽകിണർറിപ്പയറിങ്PW2-16283/13 | 43,44,45/7-15 | 145538/9.7.15 | 25411+25411+2411=76233 |
| 14 | ചേരുംകുണ്ട്തോട് സൈഡ്പ്രൊട്ടക്ഷൻ PW2-2471/12(38) | 33/10-15 | 161090/12.10.15 | 415085 |
| 15 | വട്ടോളിറോഡ്റിപ്പയർPW2-16503/14 | 33/5-15 | 2573314/12-5-15 | 169775 |
| 16 | മൂളിയാൻഇടവഴികോൺക്രീറ്റിങ്PW2-2471/12(12) | 10/5-15 | 142740/29.5.15 | 169802 |
| 17 | വലിയപറമ്പ്തമ്പുരാൻകുണ്ട്റോഡ്കോൺക്രീറ്റിങ് PW2-15205/15 | 67/2-16 | 162491/20.2.16 | 243045 |
| 18 | കുറുക്കനാട്ടിൽവളപ്പിൽറോഡ്പുരോഗമനംPW2-2471/12 | 26/5-15 | 2513313/3-5-15 | 471695 |
| 19 | വിനായകഇടവഴികോൺക്രീറ്റിങ്PW2-19193/13 | 60/6-15 | 145515/22-6-15 | 267832 |
| 20 | വിലങ്ങിൻകാട്മുത്തുവത്തിൽമുകൾറോഡ്പുരോഗമനം PW2-802/15 | 56/6-15 | 145511/9.6.15 | 683962 |
| 21 | AMLPSപുലിക്കോട്സൗത്തിലേക്ക്റോഡ്നിർമാണം PW2-43/15 | 69/9-15 | 161076/22.9.15 | 462233 |
| 22 | തടംനരിമടറോഡ്പുരോഗമനംPW2-2471/12-14 | 61/9-15 | 161068/19.9.15 | 471698 |
| 23 | ഇന്ത്യനർഉണ്യാൽറോഡ്കോൺക്രീറ്റിങ്PW2-17988/15 | 54/1-16 | 162463/21.1.16 | 471676 |
| 24 | താഴെചോലകുറുക്കൻകുണ്ട്ഊരാണി റോഡ്നിർമാണം PW2-2471/12(13) | 57/6-15 | 145512/20.6.15 | 398074 |
| 25 | ചെരിന്താറ്റീരിചിറ തോട്സംരക്ഷണഭിത്തിനിർമാണം PW2-2471/12(31) | 62/9-15 | 161069/19.9.15 | 471508 |
| 26 | എഞ്ചിനീയറിങ് വിഭാഗംനഗരസഭ ഓഫീസിന്റെറിപ്പയർPW2-14478/13(1) | 49/7-15 | 145539/10.7.15 | 301302 |
| 27 | ബേബിവിറ്റപടിഞ്ഞാറെതെറപ്പള്ളിഫുട്പാത്ത്നിർമാണം PW2-19208/13 | 58/7-15 | 1428101/17.7.15 | 231679 |
| 28 | മാട്ടാംകുഴിമൈലാടി കോളനിറോഡ്നിർമാണംPW2-2471/12(31/13) | 35/8-15 | 1428105/12.8.15 | 329668 |
| 29 | തെക്കേകരപാടം | 37/5-15 | 2573318/12,5.15 | 471681 |

| | | | | |
|---|---|---|---|---|
| | റോഡ്പുരോഗമനപ്രവൃത്തിരണ്ടാംഘട്ടം<br>PW2-2471/12(26) | | | |
| 30 | ചങ്ങരംചോലവൈദ്യരത്തംറോഡ്ടാറിങ്<br>PW2-14797/14(1) | 28/5-15 | 142720/8.5.15 | 603632 |
| 31 | മുതുവത്തിൽമുഗൾ<br>കോളനിറോഡ് രണ്ടാംഘട്ടംPw2-322/14 | 34/10-15 | 1428118/15.10.15 | 471644 |
| 32 | നായാടിപാറപാണ്ഡമംഗലംആലുക്കൽ<br>റോഡ്സൈഡ്കോൺക്രീറ്റിങ്PW2-21023/14 | 61/7-15 | 1428104/17.7.15 | 441030 |
| 33 | അയ്യമ്പാക്കംറോഡ്പുരോഗമനപ്രവൃത്തി<br>PW2-13959/15 | 36/10-15 | 1428119/19.10.15 | 471698 |
| 34 | പത്തായക്കല്ല്അംഗൻവാടിറോഡ്പുനരുദ്ധാരണം<br>PW2-2471/12-(22) | 35/5-15 | 2573316/12.5.15 | 344338 |
| 35 | പുളിക്കാട്മൂർക്കത്ത്<br>റോഡ്നിർമാണം<br>PW2-5546/16 | 46/3-16 | 1428148/16.3.16 | 471674 |
| 36 | കോട്ടക്കളംസ്വാഗതമാട്റോഡ്കോൺക്രീറ്റിങ്<br>PW2-15197/15 | 43/12-15 | 161146/26.12.15 | 410322 |
| 37 | പത്തായകല്ല് ഫുട്പാത്ത്കോൺക്രീറ്റിങ്<br>PW2-2471/12(21) | 29/5-15 | 142721/11.5.15 | 329347 |
| 38 | പുല്ലാട്ടിൽഇടവഴി<br>കോൺക്രീറ്റിങ്<br>PW2-1535/14 | 55/5-15 | 142729/25.5.15 | 315332 |
| 39 | തെണ്ടത്ത്ഇടവഴി<br>സ്റ്റെപ്പ്നിർമാണം<br>PW2-21130/13 | 35/10-15 | 161091/17.10.15 | 110075 |
| 40 | ചൈതന്യകോളനിപുരോഗമനപ്രവൃത്തി<br>PW2-21504/13 | 36/5-15 | 142730/25.5.15 | 188671 |
| 41 | അറക്കൽവലിയപറമ്പ്റോഡ്കോൺക്രീറ്റിങ്<br>PW2-2471/12(30) | 36/7-15 | 145533/3.7.15 | 179207 |
| 42 | ചീനംപുത്തൂർജുമാമസ്ജിദ്റോഡ്പുരോഗമനപ്രവൃത്തിര<br>ണ്ടാംഘട്ടംPw2-2471/12-8 | 58/6-15 | 145513/20.6.15 | 471514 |

| | | | | |
|---|---|---|---|---|
| 43 | ആലമ്പാട്ടിൽപാത്<br>വെകോൺക്രീറ്റിങ്<br>രണ്ടാംഘട്ടംPW2-2427/12-8 | 60/7-15 | 1428103/17.7.15 | 322629 |
| 44 | ആമപ്പാറകോങ്ങപ്പള്ളിനിർമാണം(കോൺക്രീറ്റിങ്) PW2-19803/14 | 65/6-15 | 145518/23.6.15 | 471633 |
| ആകെ | | | | 15692932 |

നടപടിക്രമങ്ങൾ പാലിക്കാതെ ചെലവ് ചെയ്ത 15692932/-രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-4 എൽ.എസ്.ജി.ഡി. അസി.എഞ്ചിനീയർ-ഫയൽ സൂക്ഷിപ്പിലെ അപാകതകൾ

1. മിക്ക മരാമത്ത് പ്രവൃത്തികളുടെയും കരാറുകാർ/കൺവീനർമാർ ഹാജരാക്കിയിട്ടുള്ള എഗ്രിമെന്റുകൾ അപൂർണ്ണമാണ്. എഗ്രിമെന്റിൽ എല്ലാവിവരങ്ങളും പൂരിപ്പിക്കുകയോ ബന്ധപ്പെട്ട കക്ഷികളും, സാക്ഷികളും ഒപ്പിട്ട് ആധികാരികമാക്കുകയോ ചെയ്തിട്ടില്ല. എഗ്രിമെന്റുകളോടൊപ്പം എഗ്രിമെന്റ് ഷെഡ്യൂളുകൾ വയ്ക്കുന്നില്ല.
2. കരാറുകാർക്ക് സെലക്ഷൻ നോട്ടീസ് നൽകുക, സൈറ്റ് ഹാൻഡ് ഓവർ ചെയ്യുക തുടങ്ങിയ നടപടി ക്രമങ്ങൾ സംബന്ധിച്ച് നോട്ട് ഫയലിൽ പരാമർശിക്കുന്നുവെങ്കിലും അവ കരാറുകാർക്കും കൺവീനർമാർക്കും നൽകുന്നതായോ സൈറ്റ് രേഖാമൂലം കൈമാറുന്നതായോ കാണുന്നില്ല.. പ്രവൃത്തികളുടെ ഫയലുകളിൽ പലതിലും കംപ്ലീഷൻ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.
3. എസ്റ്റിമേറ്റുകൾ പ്രാദേശിക ഭാഷയിൽ തയ്യാറാക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല.
4. എഗ്രിമെന്റ് രജിസ്റ്ററിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയ്യതി രേഖപ്പെടുത്തുന്നില്ല.
5. ടെണ്ടർ രജിസ്റ്ററിൽ സ്വീകരിച്ച ടെണ്ടറിന്റെ വിവരവും ടെണ്ടർ അംഗീകരിച്ചു കൊണ്ടുള്ള കൗൺസിൽ തീരുമാനവും രേഖപ്പെടുത്തുന്നില്ല.

## 3-5 റോഡ് പ്രവർത്തികളിൽ ആവശ്യത്തിലധികം കോൺക്രീറ്റിംഗ് അധികച്ചെലവ് ഉണ്ടാക്കുന്നു

2015-16 വർഷത്തിൽ നഗരസഭയുടെ വിവിധ ഭാഗങ്ങളിൽ ചെയ്ത താഴെ പറയുന്ന റോഡ് കോൺക്രീറ്റ് പ്രവർത്തികളിൽ അതിനു ചുവടെ പറയുന്ന കാരണങ്ങളാൽ അധിക തുക ചെലവഴിച്ചതായി കാണുന്നു. 2014-15

വർഷത്തിൽ കരാറിലേർപ്പെട്ടവയ്ക്ക് KPWD ഡാറ്റാ പ്രകാരവും 2015-16 വർഷത്തിലേത് CPWD ഡാറ്റാ പ്രകാരവുമാണ് പ്രവൃത്തികൾ ചെയ്തിട്ടുള്ളത്.

| ക്രമ നമ്പർ | റോഡ് പ്രവൃത്തിയുടെ വിവരം | പ്രവൃത്തിയുടെ ഇനവും ചെലവും | | | |
|---|---|---|---|---|---|
| | | ഇനം.1 റോഡ് നിരപ്പാക്കുന്നതിനായി മണ്ണ് കിളച്ചു നീക്കൽ | ഇനം.2 ക്വാറി മക്ക് നിരത്തൽ(m3) | ഇനം.3<br>1:4:8 അനു<br>പാതത്തിൽ 40mm മെറ്റൽ ഉപയോഗിച്ച് കോൺക്രീറ്റ് (m3) | ഇനം.4<br>1:2:4 അനു<br>പാതത്തിൽ 20mm മെറ്റൽ ഉപയോഗിച്ച് കോൺക്രീറ്റ് (m3) |
| 1 | കല്ലായിപ്പടി ചോലക്കാട് റോഡ്കോൺക്രീറ്റിംഗ് (69/16)<br>ബിൽവൗച്ചർ 34/1-2-16രൂ 4,99996/- | 106.5*3.304= 351.5@ 94/10 m2<br>= 3307.86 | 106.05*3.304*0.15 = 52.76<br>@1183/m3= 62415.08 | 106.5*3.304*0.10 = 35.17 @4834/m3 =170011.75 | 106.5*3.304*0.10 =34.95 @67.50/ 10dm3 =235959.75 |

| | | | | | |
|---|---|---|---|---|---|
| | (CFC grant)<br>കൺവീനർ.<br>ശ്രീ നാസർ പഴേരി<br>എം. ബുക്ക് നമ്പർ.3/15-16<br>T.S No. AEE/TDI/747/ 14-15 dtd 16-6-14 – 5,00,000/- | | | | |
| 2. | ഞാറ്റുവെട്ടി റോഡ് കോൺക്രീറ്റിംഗ് (79/16)<br>ബിൽവൗച്ചർ 5/23-9-15രൂ 7,86,176/- (വികസന ഫണ്ട്-ജനറൽ)<br>കൺവീനർ.<br>ശ്രീ അബൂബക്കർ വേളക്കാടൻ<br>എം. ബുക്ക് നമ്പർ.267/14-15<br>T.S No. AEE/TDI/495/ 14-15 dtd 18-9-14 – 8,20,000/- | | 160.2*3.464*0.15= 83.24@ 1183/ m3<br>= 98472.92 | 160.5*3.464*0.10= 55.525 @4834/m3 =268407.85 | 160.5*3.464*0.10 = 55.525 @67.50/ 10dm3 =374793.75 |
| 3 | അടാട്ടിൽ കുട്ടിപ്പ റോഡ് കോൺക്രീറ്റിംഗ്(57/16)<br>വൗച്ചർ 37/3-2-16രൂ 3,59,999/- (വികസന ഫണ്ട്-ജനറൽ)<br>കൺവീനർ.<br>ശ്രീ കിഴക്കേതിൽ സക്കറിയ<br>എം. ബുക്ക് നമ്പർ.127/12-13<br>T.S No. AEE/TDI/497/ 14-15 dtd 18-9-14 – 3,60,000/- | 88*2.896*0.15= 38.24m 3@ 1117/1m3<br>= 4271.41 | 88*2.896*0.15=38.24m 3@ 1183/1m3<br>= 45237.92 | 88*2.896*0.1=25.5 @4834/1 m3<br>= 120850 | 88*2.896*0.1=25.07 @67.50/ 10dm3<br>= 169263 |
| 4 | കോരന്റിടവഴി റോഡ് നിർമ്മാണം രണ്ടാംഘട്ടം (128/16)<br>വൗച്ചർ 29/4-1-16<br>3,00,000<br>വികസന ഫണ്ട്-ജനറൽ)<br>കൺവീനർ.<br>ശ്രീ മുഹമ്മദ് യൂനസ്.എം.പി<br>എം. ബുക്ക് 45/11-12 | | 74.5*2.288<br>*0.15=<br>25.57<br>m3@ 1183/1m3<br>= 30249.31 | 74.5*2.288<br>*0.10 =<br>17.055m3<br>m3@ 4834/1m3=82419.7 | 74.5*2.288<br>*0.10 =<br>17.055m3<br>m3@ 67.50/10dm3 =115121 |

| | | | | | |
|---|---|---|---|---|---|
| | T.S No. AEE/TDI/821<br>/14-15 dtd 7-1-15<br>3,00,000 | | | | |
| 5 | കാവതിക്കളം ജുമാമസ്ജിദ്-ചീനംപുത്തൂർ റോഡ്(109/16)<br>വൗച്ചർ നമ്പർ 2/15-16 /23-9-15<br>തുക-5,00,000 (FC.Grant)<br>കൺവീനർ- ശ്രീ.അബ്ദുറഹിമാൻ.കെ,<br>എം.ബുക്ക് നമ്പർ 269/14-15<br>TS No.AEE/TDI/TS597 /14-15/18-9-14 | - | - | 35.50m3<br>4834/1m3=<br>171607 | 32715dm3<br>67.50/10dm3<br>=220826.25 |
| 6 | കോരൻ ഇടവഴി റോഡ് കോൺക്രീറ്റിംഗ്(46/16)<br>വൗച്ചർ നമ്പർ 29/15-16 /4-1-16<br>തുക-667346(വികസന ഫണ്ട്-ജനറൽ)<br>കൺവീനർ-ശ്രീ.ഫിറോസ് ഖാൻ-MP<br>എം.ബുക്ക് നമ്പർ- 124/14-15<br>TS No.AEE/TDI /TS/-86/ 14-15/31-7-14(800000) | - | - | 51.09m3<br>4834/m3=246969.6 | 51.09m3<br>67.50/10dm3=<br>344857.50. |
| 7 | പണിക്കരുകണ്ട് അംഗനവാടിറോഡ് കോൺക്രീറ്റിംഗ്(115/16)<br>വൗച്ചർ നമ്പർ-70/15-16 /31-3-16<br>തുക-699997(FC Grant)<br>കോൺട്രാക്ടർ- ശ്രീ.അൻവർ.കെ<br>എം.ബുക്ക് നമ്പർ- 30/15/16<br>TS No.AEE/TDI/TS/ 757/14-15/8-12-14 (700000) | - | - | 33.99m3<br>5559/m3=<br>188950.41 | 33.99m3<br>77.50/10dm3=<br>260400 |

| | | | | | |
|---|---|---|---|---|---|
| 8 | തെക്കേകരപാടം റോഡ് കോൺക്രീറ്റിംഗ്(137/16) വൗച്ചർ നമ്പർ- 47/15-16 /2-3-16<br>തുക-597486(തനത്)<br>കൺവീനർ.ശ്രീ.മുഹമ്മദ് നിഷാദ്.കെ.പി<br>എം.ബുക്ക് നമ്പർ<br>239/14-15<br>TS No.AEE/TDI/TS/<br>615/14-15/25-9-14 | - | - | 41.32m3<br>4834/m3=<br>199740.88 | 41.32m3<br>67.50/10dm3=<br>278910 |
| 9 | മുത്തുവത്തിൻമുഗൾ<br>കോളനി റോഡ് കോൺക്രീറ്റിംഗ് (ബാക്കി ഭാഗം)(116/16)<br>ചെക്ക് നമ്പർ-1428145 / 14-3-16<br>തുക-499999(തനത്)<br>കൺവീനർ. ശ്രീ.മുസ്തഫ.പിപി<br>എം.ബുക്ക് നമ്പർ195/14-15<br>TS No.AEE/TDI /TS/634/ 14-15/30-9-14(500000) | - | - | 35m3<br>4834/m3=<br>169190 | 35000dm3<br>67.50/10dm3<br>=236250 |
| 10 | പുലിക്കാട്-തോക്കാംപാറ റോഡ് കോൺക്രീറ്റിംഗ്(136/16)<br>ചെക്ക് നമ്പർ- 1428146/ 14-3-16<br>തുക-877126(തനത്)<br>കൺവീനർ.ശ്രീ.നിസാർ കരുവാക്കോട്ടിൽ<br>എം.ബുക്ക് നമ്പർ266/14-15<br>TS No.AEE/TDI/TS/ 596/14-15 /18-9-14(1005000) | - | - | 59.78m3<br>4834/m3=<br>288976.52 | 59.78m3<br>67.50/10dm3=<br>403515 |

അപാകതകൾ

1. മേൽ പ്രവർത്തികളിൽ ഇനം 1 ആയി റോഡ് പ്രതലം നിരപ്പാക്കിയശേഷം GSB ആയി ക്വാറി മക്ക് നിറച്ചിട്ടുണ്ട്.

ക്വാറി മക്ക് നിരത്തുമ്പോൾ റോഡ് പ്രതലം നിരപ്പാകുന്നതിനാൽ ഇനം 1 ൽ ചെയ്ത പ്രവർത്തി ആവശ്യമില്ലാത്തതാണ്.

2. ടാർ ചെയ്യുന്ന റോഡിൽ IRC സ്പെസിഫിക്കേഷൻ പ്രകാരം GSB ക്കായി ക്വാറി മക്ക് നിരത്തിയതിനു മുകളിൽ സോളിംഗ് (അമർത്തിയത്) 7.5cm ഉം മെറ്റലിംഗ് (അമർത്തിയത്) 7.5cm ഉം അതിനുമുകളിൽ ടാറിംഗ് 2.5cmഉം കനത്തിൽ ആകെ 17.5cm ആണ് റോഡിന്റെ കനം. ഭാരമേറിയ വാഹനങ്ങൾക്കുപോലും കടന്നുപോകാൻ തക്ക ഉറപ്പുള്ള റോഡ് എന്നിരിക്കെ ഇതിനേക്കാൾ ഉറപ്പേറിയ കോൺക്രീറ്റ് റോഡിന് 15cm കനത്തിൽ ക്വാറി മക്ക് നിരത്തി അതിനുമുകളിൽ 1:4:8 അനുപാതത്തിൽ 40mmമെറ്റൽ ഉപയോഗിച്ചും അതിനുമുകളിൽ 1:2:4 അനുപാതത്തിൽ 20mm മെറ്റൽ ഉപയോഗിച്ചും 10cm കനത്തിൽ കോൺക്രീറ്റ് ചെയ്തിട്ടുള്ളത് അനാവശ്യ അധിക ചെലവിന് കാരണമായിട്ടുണ്ട്. ആയതിനാൽ ടാർ റോഡിന്റെ കനത്തിൽ പരിമിതപ്പെടുത്തി ക്വാറി മക്ക് നിരത്തിയതിനു മുകളിൽ 1:4:8 അനുപാതത്തിൽ 40mmമെറ്റൽ ഉപയോഗിച്ച് 10cm കനത്തിലും അതിനുമുകളിൽ 1:2:4 അനുപാതത്തിൽ 20mm മെറ്റൽ ഉപയോഗിച്ച് 7.5cmകനത്തിലും പരിമിതപ്പെടുത്തി കോൺക്രീറ്റ് പ്രവർത്തികൾ ചെയ്യാവുന്നതായിരുന്നു. മേൽപ്പറഞ്ഞ റോഡുകൾ വെള്ളം കെട്ടി നിൽക്കുന്നതോ ചതുപ്പായതോ ആയ പ്രദേശത്തും അല്ല എന്നു കാണുന്നു. ആയതിനാൽ 1:2:4 അനുപാതത്തിൽ 20mmമെറ്റൽ ഉപയോഗിച്ച് അധികമായി 2.5 cm കനത്തിൽ ചെയ്ത കോൺക്രീറ്റ് പ്രവർത്തിക്ക് ചെലവഴിച്ച തുക ആവശ്യമില്ലാത്തതാണ്.

മരാമത്ത് പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ സ്പെസിഫിക്കേഷൻ അനുസരിച്ചും ആവശ്യത്തിന് പര്യാപ്തമായ രീതിയിലും ചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതും അധികച്ചെലവ് ഒഴിവാക്കേണ്ടതുമാണ്.

## 3-6 കുടിവെള്ളപദ്ധതി ഗുണഭോക്തൃസമിതിയ്ക്ക് കൈമാറാൻ നടപടി സ്വീകരിക്കേണ്ടതാണ്

ചീനംപുത്തൂർ കുടിവെള്ളപദ്ധതി പൂർത്തീകരണം ബഹുവർഷ പ്രോജക്ടായി (പ്രോജക്ട് നം.so116/15)2014-15ൽ സങ്കേതികാനുമതി ലഭിച്ചു. (2014-15ൽ 5,000/-രൂപയും 2015-16ൽ 2,95,000/- രൂപയും) എന്നാൽ 2014-15ൽ ചെലവൊന്നും തന്നെ വന്നിട്ടില്ല.പദ്ധതിപ്രകാരം പൈപ്പ് ലൈൻ സ്ഥാപിക്കാനും5000 ലിററർ വാട്ടർ ടാങ്ക് സ്ഥാപിക്കാനുമാണ് ഉദ്ദേശിച്ചത്. 2015-16ൽ പ്രോജക്ട് നം.so66/16 ആയി ഫിനാൻസ് കമ്മീഷൻ ഗ്രാൻറ് 223313/- രൂപയും തനതുഫണ്ട് 69720 രൂപയും ചേർത്ത് 293033/-രൂപ വകയിരുത്തി. ഗുണഭോക്തൃസമിതി കൺവീനർ ശ്രീ.ഹബീബ് റഹ്മാൻ കുണ്ടിൽ എന്നയാളെ പ്രവൃത്തി ഏൽപ്പിച്ച് പ്രവൃത്തി പൂർത്തീകരിച്ച് ബിൽ നംപർ 61/15-16 2.3.16 പ്രകാരം223313/-രൂപ ചെലവഴിച്ചു. പദ്ധതി പ്രകാരമുള്ള പ്രവൃത്തി പൂർത്തീകരിച്ചതുകൊണ്ടു മാത്രം ജനങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കാൻ കഴിയില്ല എന്നതിനാൽ പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല എന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. സബ്സിഡിയും അനുബന്ധവിഷയങ്ങളും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖ സ,ഉ,(എം.എസ്.)നം.362/2013/ത.സ്വ.ഭ.വ.16.11.13 (XIV)(ഡി) പ്രകാരം കുടിവെള്ള പ്രോജക്ട് തയ്യാറാക്കുംപോൾ ഗുണഭോക്താക്കൾക്ക് കുടിവെള്ളം കിട്ടുന്നതിന് എന്തെല്ലാം പ്രവൃത്തികൾ ആവശ്യമാണോ അവയെല്ലാം ഉൾപ്പെടുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ തുടർപ്രവർത്തനം നടത്താത്തപക്ഷം ചെലവഴിച്ച 223313/-രൂപ പാഴ്ചെലവായി മാറുമെന്നതിനാൽ വൈദ്യുതീകരണ പ്രവൃത്തി നടത്താനും സംരക്ഷണകമ്മിററിയെ ഏൽപ്പിക്കാനും നടപടി സ്വീകരിക്കണം.

വിശദീകരണം ആവശ്യപ്പെട്ട് 6/23.9.2016 പ്രകാരം ഓഡിററ് എൻക്വയറി നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ വൈദ്യുദീകരണമടക്കമുള്ള നടപടി പൂർത്തിയായതായി അറിയിച്ചിട്ടുണ്ട്. ഗുണഭോക്തൃസമിതിയ്ക്ക് കൈമാറിയതിന്റെ വിവരങ്ങൾ ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്

## 3-7 മുനിസിപ്പാലിറ്റിയുടെ മേഖല ച്ചമതലയും പദ്ധതി മാർഗ്ഗ രേഖയും ലംഘിച്ചു കൊണ്ട് ചെലവ് നടത്തി.

നിർവ്വഹണം-പ്രിൻസിപ്പൽ GRHSS കോട്ടക്കൽ

പ്രോജക്ട്-വിജയപാത

ചെലവഴിച്ച തുക-2,00,000 (ധനകാര്യ കമ്മീഷൻ അവാർഡ്)

ബിൽ നമ്പർ-13/15-16 തിയതി.26-3-16

മുനിസിപ്പാലിറ്റിക്ക് കൈമാറി കിട്ടിയതും എയ്ഡഡ് മേഖലയിലുള്ളതുമായ ഹൈസ്കൂൾ, ഹയർ സെക്കന്ററി വിദ്യാലയങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പഠന പരിശീലന ക്ലാസ്സുകൾ നൽകി പരീക്ഷകളിൽ മികച്ച ഗ്രേഡും ഉയർന്ന വിജയശതമാനവും ഉറപ്പാക്കുന്നതിനായിട്ടാണ് 2015-16 സാമ്പത്തിക വർഷത്തിൽ വിദ്യാഭ്യാസ മേഖലയിൽ ഈ പദ്ധതി നടപ്പാക്കിയിട്ടുള്ളത്.ഈ പദ്ധതിയിൽ നഗരസഭയിലെ രണ്ട് ഹയർ സെക്കന്ററി വിദ്യാലയങ്ങളിലേക്ക്

ഗവ.രാജാസ് ഹയർ സെക്കന്ററി സ്കൂളുകളിലേയും(100000) AKMHSS കോട്ടൂരിലേയും(100000) വിദ്യാർത്ഥികൾക്ക് മോട്ടിവേഷൻ ക്ലാസ്സുകൾ, പരീക്ഷ,പ്രിന്റഡ് സ്റ്റഡി മെറ്റീരിയൽ വിതരണം,പ്രിന്റഡ് ചോദ്യപേപ്പർ തയ്യാറാക്കൽ,റിസോഴ്സ് അധ്യാപകർക്ക് ഓണറേറിയം,റിഫ്രഷ് മെന്റ് എന്നിവക്കാണ് ഈ തുക ചെലവഴിച്ചത്.
പദ്ധതി നടപ്പാക്കിയതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ വന്നിട്ടുണ്ട്.

1)1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ്. 30 പ്രകാരം വിവിധ തലത്തിലുള്ള സർക്കാർ സ്കൂളുകളുടെ നടത്തിപ്പാണ് നഗരസഭകൾക്ക് നിക്ഷിപ്തമായ ചുമതല. 18.01.1996ലെ (എം.എസ്) 14/96/പൊ.വി. നമ്പർ ഉത്തരവിലൂടെ പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്നും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്ത സ്ഥാപനങ്ങളും അധികാരങ്ങളും, നടപ്പാക്കേണ്ട പദ്ധതികളും സംബന്ധിച്ച പൊതുമാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട വിദ്യാർത്ഥികളുടെ അഡ്മിഷൻ, പഠന വിഷയങ്ങൾ, സിലബസ്, പാഠപുസ്തകങ്ങൾ, പരീക്ഷ നടത്തിപ്പ്, ഗ്രേഡിംഗ് തുടങ്ങിയവ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചുമതലകളിൽപെടുന്നില്ല. ഇത്തരം കാര്യങ്ങൾ നിലവിലും സർക്കാരിന്റെ ചുമതലയിലാണ്. 18.08.2012ലെ(എം.എസ്)225/12/ത.സ്വ.ഭ.വ. 16.11.2013ലെ (എം.എസ്) 362/13/ ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവുകൾ പ്രകാരം (പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖകൾ ഖണ്ഡിക.4) തദ്ദേശഭരണ സ്ഥാപനത്തിന്റെ ചുമതലയിൽ നിക്ഷിപ്തമല്ലാത്തതും, തദ്ദേശ ഭരണ സ്ഥാപനത്തെ സർക്കാർ ഏൽപ്പിച്ചിട്ടില്ലാത്തതും, ഏതെങ്കിലും വകുപ്പുകളുടെ ചുമതലയിലുള്ളതുമായ പ്രവർത്തനങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതില്ല എന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും മേൽ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് പദ്ധതി നടപ്പാക്കിയിട്ടുള്ളത്.

2)പദ്ധതി മാർഗ്ഗരേഖ ഉത്തവ് അനുബന്ധം-1 ഖണ്ഡിക 6(iv) പ്രകാരം പഠനത്തിൽ പിന്നോക്കക്കാരായ കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുമ്പോൾ ഹോണറേറിയമോ, വേതനമോ കൂടാതെ സന്നദ്ധ മനോഭാവത്തോടെ പ്രവർത്തിക്കാൻ തയ്യാറുള്ളവരെ ഉൾപ്പെടുത്തി ചെയ്യണമെന്നാണ് സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ മേൽ നിർദ്ദേശം പാലിച്ചില്ല.

3)വിദ്യഭ്യാസ വകുപ്പ് തയ്യാറാക്കുന്ന പാഠ്യവിഷയങ്ങൾ വിദ്യാർത്ഥികൾക്ക് പകർന്ന് കൊടുക്കേണ്ടതും പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ പ്രത്യേക ശ്രദ്ധ നൽകി ഉയർത്തി കൊണ്ട് വരേണ്ടതും ആ വകുപ്പിൽ നിയമിതരായ അദ്ധ്യാപകരുടെ ചുമതലയാണ്. നഗരസഭകളെ ഏൽപ്പിച്ചിട്ടില്ലാത്ത വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലകളും, പ്രവർത്തനങ്ങളും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയതിലൂടെ ആവർത്തന ചെലവ് വരുത്തുകയാണ് ചെയ്തിട്ടുള്ളത്.

4)മേൽ ഉത്തരവ് [അനുബന്ധം-1, ഖണ്ഡിക10 (vii)] പ്രകാരം എച്ച്.ഐ.വി. അണുബാധിതർ, അങ്കണവാടി പോഷകാഹാരം, നിർധനരായ രോഗികൾ ആശുപത്രിയിൽ കഴിയുന്ന സമയങ്ങളിലുള്ള ആഹാരം, ബഡ്സ് വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾ തുടങ്ങിയ വിഭാഗങ്ങൾക്ക് മാത്രമേ പോഷകാഹാര/ഭക്ഷണ വിതരണ പരിപാടികൾ ഏറ്റെടുത്ത് നടപ്പാക്കാൻ പാടുള്ളൂ. മറ്റ് വിഭാഗങ്ങൾക്കുള്ള പോഷകാഹാര/ഭക്ഷണ വിതരണ പരിപാടികൾ ഒന്നും തന്നെ തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കാൻ പാടുള്ളതല്ല.

അപാകതകൾക്ക് കാരണങ്ങൾ വിശദീകരിക്കാൻആവശ്യപ്പെട്ട് നൽകിയഓഡിറ്റ് എൻക്വയറി നമ്പർ-11/24-9-16 ന് നൽകിയ മറുപടിയിൽ ഗവൺമെന്റിൽ നിന്നുംപ്രത്യേക അനുമതി വാങ്ങി തരാമെന്നുള്ള ഉറപ്പിൻമേലാണ് ഈപദ്ധതി നടപ്പിലാക്കിയത് എന്നാണ് അറിയിച്ചത്.മുൻകൂർ അനുമതി ലഭ്യമാക്കാത്തതിനാൽ ചെലവ് തുക 200000രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു

## 3-8 <u>ഹയർ സെക്കണ്ടറി-തുല്യതാ പരീക്ഷ രജിസ്റ്റർ ചെയ്ത മുഴുവൻ വിദ്യാർത്ഥികളും പരീക്ഷ എഴുതിയില്ല.</u>

നിർവ്വഹണം. പ്രിൻസിപ്പൽ.

പ്രോജക്റ്റ്-തുല്യതാ പരീക്ഷ(പ്രോജക്റ്റ് നമ്പർ-31/2016)

ചെലവഴിച്ചതുക-94,600

ബിൽ നമ്പർ-12/15-16/26-3-16

മേൽപദ്ധതി പ്രകാരം 1 വിദ്യാർത്ഥിക്ക്2150 രൂപ പ്രകാരം ഹയർ സെക്കണ്ടറി-തുല്യതാ പരീക്ഷക്ക് രജിസ്റ്റർ ചെയ്ത്ഫീസ് അടച്ച44 വിദ്യാർത്ഥികളിൽ 18 പേർമാത്രമാണ് പരീക്ഷ എഴുതിയിട്ടുള്ളത്.ആയതിനാൽ 38700 രൂപ

മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്55,900രൂപ ഇനിയും ചെലവഴിച്ചിട്ടില്ല.ഈ വിഷയം ഉന്നയിച്ച് നൽകിയ 22/28-9-16 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. രജിസ്റ്റർ ചെയ്ത്ഫീസ് അടച്ച മുഴുവൻ വിദ്യാർത്ഥികളും പരീക്ഷ എഴുതി എന്ന് ഉറപ്പവരുത്തേണ്ടതാണ്.കാലാവധിക്കുള്ളിൽ പരീക്ഷ എഴതാത്തവരുടെ ഫീസ് സാക്ഷരതാ മിഷനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്

## 3-9 മൂല്യവർദ്ധിത നികുതി കോംപൗണ്ട് ചെയ്ത രേഖകളില്ലാതെ കുറഞ്ഞ നിരക്കിൽ നികുതി ഈടാക്കുന്നു.

2015-16 സാമ്പത്തിക വർഷം നഗരസഭയ്ക്ക കീഴിലെ വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരിൽ നിന്നും ബില്ലിൽ കുറവ് ചെയ്തത് 4% നിരക്കിലുള്ള മൂല്യവർദ്ധിത നികുതിയാണ്. ഫയലുകളിലൊന്നും തന്നെ ടി കരാറുകാർ നികുതി കോംപൗണ്ട് ചെയ്തതിന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. കരാറുകാർ സമർപ്പിച്ച സാക്ഷ്യപത്രങ്ങളുടെ പകർപ്പ് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. ആയതിന്റെ അഭാവത്തിൽ കുറഞ്ഞ നിരക്കിൽ മൂല്യവർദ്ധിത നികുതി ഈടാക്കിയതിന്റെ സാഹചര്യം വിശദമാക്കി മറുപടി ലഭ്യമാക്കേണ്ടതും നികുതി ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതുമാണ്.

## 3-10 പരിരക്ഷ-പദ്ധതി അപാകതകൾ

നിർവ്വഹണം :മെഡിക്കൽ ഓഫീസർ(CHC)

പ്രോജക്റ്റ്.കിടപ്പിലായ രോഗികൾക്ക് പരിചരണം

(പാലിയേറ്റീവ് കെയർ)

ചെലവഴിച്ച തുക: 3,39,996(വികസനഫണ്ട് സാധാരണം)

ബിൽ നമ്പർ: 1)2/15-16/1-9-15( Rs.117096)

2)4/15-16/7-10-15(Rs.41030)

3)6/15-16/1-2-16(Rs.52100)

4)9/15-16/29-2-16(Rs.20340)

5)12/15-16/23-3-16(Rs.25640)

6)19/15-16/23-3-16(Rs.83750)

പാലിയേറ്റീവ് പരിചരണത്തിനായി നിലവിലുണ്ടായിരുന്ന മാർഗ്ഗരേഖ റദ്ദാക്കിക്കൊണ്ട് 29-10-2015- ന് സ.ഉ(ആർ.ടി) 3217/15/ത.സ്വ.ഭ.വ എന്ന നമ്പരിൽ സർക്കാർ പുതിയ മാർഗ്ഗരേഖ പുറപ്പെടുവിക്കുകയുണ്ടായി. മേൽ ഉത്തരവിലെ പല നിർദ്ദേശങ്ങളും മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തുന്ന പ്രോജക്റ്റ് നമ്പർ S04/16 കിടപ്പിലായ രോഗികൾക്ക് പരിചരണം (പാലിയേറ്റീവ് കെയർ)എന്ന പദ്ധതിയിൽ പാലിച്ചിട്ടില്ലെന്ന് ഫയൽ പരിശോധനയിൽ കണ്ടെത്തി. പ്രോജക്റ്റുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ട പ്രധാന അപാകതകൾ ചുവടെ കൊടുക്കുന്നു.

1- പാലിയേറ്റീവ് കെയർ പ്രോജക്റ്റിന്റെ നടത്തിപ്പിനും പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനുമായി ഒരു പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി ഓരോ സാമ്പത്തിക വർഷാരംഭത്തിന് മുമ്പ് നഗരസഭ രൂപീകരിക്കേണ്ടതും ഓരോ മാസത്തെയും പ്രതിമാസ പ്രവർത്തന അവലോകന റിപ്പോർട്ടും വരവ് ചെലവ് കണക്കും ഈ യോഗത്തിൽ രേഖാമൂലം അവതരിപ്പിക്കേണ്ടതും യോഗം അത് വിലയിരുത്തി അംഗീകരിക്കേണ്ടതുമാണ്. ഇപ്രകാരം ചെയ്തതായി കാണുന്നില്ല.

2- അത് പോലെ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ഫലപ്രദമായും സുഗമമായും മുന്നോട്ട് പോകുന്നതിനായി ഒരു പാലിയേറ്റീവ് നിർവ്വഹണ കമ്മറ്റിയും രൂപീകരിക്കേണ്ടതുണ്ട്. ആയത് രൂപീകരിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

3)- 23-08-12 -ലെ സ.ഉ (എം.എസ്)228/2012/ത.സ്വ.ഭ.വ നമ്പർ ഉത്തരവിൽ ഫോൺ ചെലവുകൾ വഹിക്കാൻ അനുമതി നൽകുന്നുണ്ടെങ്കിലും പുതുക്കിയ മാർഗ്ഗരേഖയിൽ ഫോൺ ചെലവിനെക്കുറിച്ച് പരാമർശിച്ചിട്ടില്ല. നവമ്പർ 2015 മുതൽ മാർച്ച് 2016 വരെ 5 മാസത്തേക്ക് 300/- രൂപ വീതം ആകെ 1500/- രൂപ ഈയിനത്തിൽ അധികം നൽകിയിട്ടുണ്ട്.

4)DD No.637143 /31-3-16 പ്രകാരം60,000 രൂപ പരിരക്ഷ മരുന്ന് വാങ്ങുന്നതിനായി മാനേജിംഗ് ഡയറക്ടർക്ക് KMCL ന് നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ മരുന്ന് ലഭ്യമാക്കിയിട്ടില്ല.

5)- പാലിയേറ്റീവ് കെയർ പ്രോജക്റ്റിന് വേണ്ടിയുള്ള എല്ലാ ചെലവുകളും (ഗൃഹ സന്ദർശനദിവസങ്ങളിൽ സന്നദ്ധ പ്രവർത്തകർക്കുള്ള ഭക്ഷണ ചെലവ് ഒഴികെ) ആർക്കാണോ തുക നൽകേണ്ടത്, ആ വ്യക്തിയുടെ / സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് നൽകുകയാണ് ചെയ്യേണ്ടത്. യാതൊരു കാരണവശാലും പണമായോ ,ചെക്കായോ, ഡിമാന്റ് ഡ്രാഫ്റ്റായോ തുക ചെലവഴിക്കാൻ പാടില്ല. ഈ നിബന്ധന പാലിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് 29-08-2016 – ന് നൽകിയ 9- ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണ് എന്നും ഫോൺ ചാർജ്ജിനത്തിൽ അനുമതി കൂടാതെ നൽകിയ 1500/- രൂപ, തിരികെ ഈടാക്കുന്നതാണ് എന്നും അറിയിച്ചു. മരുന്നിന് മുൻകൂറായി നൽകിയ തുക 60,000 രൂപ തിരികെ ഈടാക്കേണ്ടതാണ്.ഫോൺ ചാർജ്ജിനത്തിൽ അനുമതി കൂടാതെ നൽകിയ 1500 രൂപ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്

## 3-11 ഉദ്യാന പാത നിർമ്മാണത്തിലെ അപാകതകൾ

കോട്ടക്കൽ നഗരസഭ 2012-13 വർഷം മുതൽ നടപ്പാക്കികൊണ്ടിരിക്കുന്ന ഉദ്യാന പാത എന്ന പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ സംബന്ധിച്ച് ഓരോ പ്രവർത്തിയുടെയും വിശദവിവരവും ആയതിലെ മറ്റ് അപാകതകളും 2014-15 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-1 ൽ വിശദമാക്കിയിട്ടുണ്ട്.

പദ്ധതി നടപ്പാക്കുന്നത് ഒരേ സ്ഥലത്താണെങ്കിലും ഒരു പ്രൊജക്ടായല്ല പ്രവർത്തി നടപ്പാക്കിയിട്ടുള്ളത്. കോട്ടക്കൽ ബൈപാസ് റോഡിൽ പടിഞ്ഞാറേ തോടിന്റെ വശം ചേർന്നും മറ്റേ അറ്റം ഏതാണ്ട് ീ ആകൃതിയിൽ വയലിലൂടെ ബൈപാസ് റോഡിൽ മറ്റൊരു ഭാഗത്തും എത്തി ചേരുന്ന തരത്തിൽ ഒരു ഫൂട്ട് പാതയാണ് ചുവടെ ചേർത്തിരിക്കുന്ന പദ്ധതിയിലൂടെ നടപ്പാക്കിയിട്ടുള്ളത്. പ്രവർത്തി 14 ഭാഗങ്ങളാക്കി അതിൽ ഒന്ന് കരാറുകാരൻ മുഖേനെയും 13 എണ്ണം കൺവീനർമാർ മുഖേനെയുമാണ് നടപ്പാക്കിയിട്ടുള്ളത്. 14 പ്രവൃത്തികളുടേയും മൊത്തം അടങ്കൽ ചേർത്താൽ ആയത് 119.95 ലക്ഷം രൂപയാണെന്ന് കാണുന്നു. മേൽ പ്രവൃത്തികളെല്ലാം ചേർത്ത് ഒരു ബഹുവർഷ പ്രൊജക്ടായി പദ്ധതി നടപ്പാക്കിയിരുന്നുവെങ്കിൽ , E ടെണ്ടർ മുഖേന പദ്ധതി നടപ്പാക്കാനും, ഇതിലും കുറഞ്ഞ ചെലവിൽ പ്രവൃത്തി നടപ്പാക്കാനും കഴിയുമായിരുന്നുവെന്ന് വ്യക്തമാകുന്നു. എന്നാൽ ടി നടപടിക്രമത്തിലെ വീഴ്ച മൂലം സംഭവിച്ച നഷ്ടം കണക്കാക്കാൻ ഓഡിറ്റിനാവില്ല. മേൽ പ്രൊജക്ടിന്റെ ഭാഗമായി 2015-16 സാമ്പത്തിക വർഷം 3 പ്രൊജക്ടുകളിലായി താഴെ പറയും പ്രകാരം തുക നൽകിയിട്ടുണ്ട്.

1.

| | |
|---|---|
| ഫയൽ നമ്പർ | PW2/12612/14 |
| പ്രൊജക്ട് നമ്പർ | എസ്-0063/14 |
| കൺവീനർ | അബൂബക്കർ.എം |
| എഗ്രിമെന്റ് നമ്പർ | 84/10-2-15 |
| മെഷർമെന്റ് ബുക്ക് | 216/14-15 |
| മൂല്യ നിർണ്ണയ തുക | 1160642 (ടാക്സ് കൂടാതെ) |
| മൊത്തം ചെലവ്(ടാക്സ് സഹിതം) | 1289763 (വാറ്റ്-117515 നി.തൊ. ക്ഷേ-11606 ആകെ129121 ). |
| നൽകിയ തുക | 817488 രൂപ (2014-15)<br>472275 രൂപ ഡി.ഡി നമ്പർ 636488/2-3-16 |

ചെയിനേജ് 0/150 മുതൽ 0/549 വരെ വരുന്ന ഭാഗത്തിനിടയിൽ 387 മീറ്റർ നീളം കരിങ്കൽ കെട്ടിനും ആയതിന് മുകളിൽ 10 cm കനത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്യുന്നതിനും , പാത്ത്‌വേ നിർമ്മിക്കുന്നതിനായി മണ്ണിട്ട് നികത്തി ഉപരിതലത്തിൽ ക്വാറി മക്ക് വിരിക്കലുമാണ് അടങ്കലിൽ ഉദ്ദേശിച്ചിട്ടുള്ളത്.

മൂല്യനിർണ്ണയത്തിൽ 424 മീറ്റർ നീളം കരിങ്കൽഭിത്തി കെട്ടി 10 cm കനത്തിൽ സിമന്റ് കോൺക്രീറ്റും , തോടിന്റെ സംരക്ഷണ ഭിത്തിയും ഇടയിലുള്ളഭാഗം മണ്ണിട്ടുയർത്തി ക്വാറി മക്ക് വിരിച്ചതിനും അംഗീകരിച്ച് നൽകിയിട്ടുണ്ട്.

2.

| | |
|---|---|
| ഫയൽ നമ്പർ | PW2/15966/14 |
| പ്രൊജക്ട് നമ്പർ | s-0186/15 |
| കൺവീനർ | അബൂബക്കർ.എം |
| എഗ്രിമെന്റ് നമ്പർ | 154/25-1-13 |
| മെഷർമെന്റ് ബുക്ക് | 86/12-13 |
| മൂല്ല്യ നിർണ്ണയ തുക | 989876(ടാക്സ് കൂടാതെ) |
| മൊത്തം ചെലവ്(ടാക്സ് സഹിതം) | 1100000 (വാറ്റ്-100225 നി.തൊ. ക്ഷേ-9899). |
| ബിൽ നമ്പർ | 7/15-16<br>വൗച്ചർ 8/23-9-15 |

ചെയിനേജ് 0/280 മുതൽ0/570 വരെ 267 മീറ്റർ നീളം 3 മീറ്റർ വീതിയിൽ 10 cm വീതം കനത്തിൽ ആദ്യം 1:4:8 സിമന്റ് കോൺക്രീറ്റും അതിനു മുകളിൽ 1:2:4 സിമന്റ് കോൺക്രീറ്റ് 3.5 cm കനത്തിലുമാണ് ഉദ്ദേശിച്ചത്.

മൂല്യ നിർണ്ണയത്തിൽ 285.6 മീറ്റർ നീളം സിമന്റ് കോൺക്രീറ്റ് റോഡ് നിർമ്മിച്ചതിന് തുക അംഗീകരിച്ചിട്ടുണ്ട്.

3.

| | |
|---|---|
| ഫയൽ നമ്പർ | PW2/15969/14 |
| പ്രൊജക്ട് നമ്പർ | s-0183/15<br>ഉദ്യാന പാത സെക്കന്റ് റീച്ച്. |
| കൺവീനർ | മേലേതിൽ അബൂബക്കർ |
| എഗ്രിമെന്റ് നമ്പർ | 87/11-2-15 |
| മെഷർമെന്റ് ബുക്ക് | 91/12-13 |
| മൂല്ല്യ നിർണ്ണയ തുക | 1259546 (ടാക്സ് കൂടാതെ) |
| മൊത്തം ചെലവ്(ടാക്സ് സഹിതം) | 1399670 (വാറ്റ്-127529 നി.തൊ. ക്ഷേ-12595). |
| ബിൽ നമ്പർ | 7/15-16-23-09-15 |

ചെയിനേജ് 0/000മുതൽ0/267വരെ 267 മീറ്റർ നീളം 3 മീറ്റർ വീതിയിൽ 10 cm വീതം കനത്തിൽ ആദ്യം 1:4:8 സിമന്റ് കോൺക്രീറ്റും അതിനു മുകളിൽ 1:2:4 സിമന്റ് കോൺക്രീറ്റ് 3.5 cm കനത്തിലുമാണ് ഉദ്ദേശിച്ചത്.

മൂല്യനിർണ്ണയത്തിൽ 249 മീറ്റർ നീളം സിമന്റ് കോൺക്രീറ്റ് റോഡ് നിർമ്മിച്ചതിന് തുക അംഗീകരിച്ചിട്ടുണ്ട്.

ഈ പാത നടവഴി മാത്രമായാണ് ഉപയോഗിച്ചു വരുന്നത്. ആയതിന് കോറി മക്കിന് മുകളിൽ 20 cm കനത്തിൽ

സിമന്റ് കോൺക്രീറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത് അവശ്യമായ പൊതു പണത്തിന്റെ ദുർവ്യയമായി മാത്രമേ കരുതാവൂ. . ഹെവി വാഹനങ്ങൾ സഞ്ചരിക്കുന്ന റോഡുകൾക്ക് വരെ 15 cm കനത്തിൽ മാത്രം സിമന്റ് കോൺക്രീറ്റ് അനുവദിക്കുകയുള്ളു എന്നിരിക്കെ അധികരിച്ച അളവിൽ പ്രവൃത്തി ഇനം അംഗീകരിച്ച് നൽകിയത് അധിക ചെലവായി മാത്രമേ കണക്കാക്കാനാവൂ. ഈ ഈനത്തിലെ ചെലവിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ വിവരം | പ്രവൃത്തിയുടെ ഇനവും ചെലവും | |
|---|---|---|---|
| | | 1:4:8 അനുപാതത്തിൽ 40mm മെറ്റൽ ഉപയോഗിച്ച് കോൺക്രീറ്റ് (m3) | 1:2:4 അനു പാതത്തിൽ 20mm മെറ്റൽ ഉപയോഗിച്ച് കോൺക്രീറ്റ് (m3) |
| 1 | PW2/15966/14<br>s-0186/15<br>കൺവീനർ.അബൂബക്കർ.എം | 285.6*2.705(average)*0.10= 77.28 @4834/m3 =373571.52 | 287.4*3.177(average)*0.10= 91.312 @67.50/10dm3 =616356 |
| 2. | PW2/15969/14<br>s-0183/15 1st reach | 248.1*4.316(average)*0.10= 107.1 @4834/m3 =517721.40 | 212.1*5.182(average)*0.10= 109.90 @67.5/10dm3 =741825 |

രണ്ടിനങ്ങളും 10 സെ.മീ. വീതം കനത്തിൽ ചെയതത് 7.5 സെ.മീ വീതം (ആകെ 15 സെ.മീ)അംഗീകരിച്ച് 2.5സെ.മീ.വീതം (ആകെ 5 സെ.മീ) ചെയ്യത്ത് അധിക ചെലവായി കണക്കാക്കാവുന്നതാണ്. ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ റിപ്പോർട്ടിനുള്ള ആദ്യമറുപടിയിൽ വിശദമാക്കേണ്ടതാണ്.

(മേൽ നിരീക്ഷണങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ് എന്ന് കാണിച്ച് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 3-12 പൂരക പോഷകാഹാര പദ്ധതി - ഭക്ഷ്യ വസ്തുക്കൾ വിതരണം ചെയ്യുന്നത് സുതാര്യമല്ല

18-11-10 -ലെ 62393/ഡി.ബി.2/10/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം അംഗൻവാടികൾക്ക് ആവശ്യമായ ഭക്ഷ്യ വസ്തുക്കളും ഭക്ഷ്യ ഉൽപ്പന്നങ്ങളും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കുടുബശ്രീ യൂണിറ്റുകളിൽ നിന്നും വാങ്ങാമെങ്കിലും മാവേലി സ്റ്റോറുകളുടെ വിലയിൽ അധികരിക്കുന്നില്ലെന്ന് ഉറപ്പ് വരുത്തേണ്ടതുണ്ട്.

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പൂരക പോഷകാഹാര പദ്ധതിയുടെ (പ്രോജക്റ്റ് നമ്പർ - 157/16) ഭാഗമായി വിവിധ അംഗൻവാടികളിലേക്ക് ഭക്ഷ്യ വസ്തുക്കൾ വാങ്ങിയത് ബിസ്മി കുടുംബശ്രീ യൂണിറ്റിൽ നിന്നാണ്. എന്നാൽ ഇവർ ഈടാക്കിയ വില മാവേലി സ്റ്റോർ ഈടാക്കുന്ന വിലയിലും കൂടുതലാണോ എന്ന് പരിശോധിച്ച വിവരം ഫയലിൽ ഇല്ല. മാത്രമല്ല, ബിസ്മി കുടുംബശ്രീ യൂണിറ്റിനെ കൂടാതെ, സബല പദ്ധതിയുടെ ഭാഗമായി 9/2015 മുതൽ റാഗി, ശർക്കര എന്നിവ ആരോഗ്യ & പ്രിയ ന്യൂട്രിമിക്സ് എന്ന കുടുംബശ്രീ യൂണിറ്റും വിതരണം ചെയ്തിട്ടുണ്ടെങ്കിലും അവർ ബിസ്മി കുടുംബശ്രീ യൂണിറ്റിനെക്കാളും വില കുറച്ചാണ് ശർക്കര വിതരണം ചെയ്തിട്ടുള്ളത്.

ഉദാഹരണത്തിന്, ബിസ്മി കുടുംബശ്രീ യൂണിറ്റിന്റെ 12-02-2016 -ലെ 6-ാം നമ്പർ ഇൻവോയ്സ് പ്രകാരം ഇറക്കിയ ശർക്കരക്ക് , കിലോക്ക് 55.65/- രൂപ നൽകേണ്ടി വന്നിട്ടുണ്ട്. എന്നാൽ ആരോഗ്യ & പ്രിയ ന്യൂട്രിമിക്സ് യൂണിറ്റിന്റെ 12-02-2016 തീയതിയിലെ 138- ാം നമ്പർ ഇൻവോയ്സ് പ്രകാരം ഇറക്കിയ ശർക്കരക്ക്, കിലോക്ക് 50/-രൂപയേ വിലയായിട്ടുള്ളൂ. ഒരേ ദിവസം ഇറക്കിയ ശർക്കരക്ക് വ്യത്യസ്ത വില നൽകിയതിലൂടെ നഗരസഭക്ക് നഷ്ടമുണ്ടായിട്ടുണ്ട്.

മേൽ അപാകതകൾക്ക് വിശദീകരണം നൽകാനും 2015-16 സാമ്പത്തിക വർഷത്തിൽ വിവിധ അംഗൻവാടികളിലേക്ക് ഭക്ഷ്യ വസ്തുക്കൾ ഇറക്കിയ സമയത്തെ മാവേലി സ്റ്റോറിലെ വില വിവര പട്ടിക ഓഡിറ്റിനായി ഹാജരാക്കാനുമാവശ്യപ്പെട്ട് 27-09-16 ന് നൽകിയ 17 ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ

ഉദ്യോഗസ്ഥയായ ഐ.സി.ഡി.എസ് സൂപ്പർവൈസർ മറുപടി നൽകുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് ഈയിനത്തിൽ നഷ്ടമുണ്ടായിട്ടുണ്ടെങ്കിൽ ഉത്തരവാദികളിൽ നിന്നും ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

## 3-13 നഗരസഭാ സെക്രട്ടറിക്ക് ക്വാർട്ടേഴ്സിന് വാടക - അനുമതി വിവരം ലഭ്യമല്ല

2015-16 വർഷത്തിൽ നഗരസഭാ സെക്രട്ടറിക്ക് താമസത്തിനുള്ള ക്വാർട്ടേഴ്സ് വാടക ഇനത്തിൽ ചുവടെ കൊടുത്തിരിക്കും പ്രകാരം തനത് ഫണ്ടിൽ നിന്നും തുകകൾ ചെലവഴിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു(@ 6000 രൂപ)

| മാസം | വൗച്ചർ നമ്പർ | ചെക്ക് നമ്പർ/തീയതി |
|---|---|---|
| 3/15 | 34/4-15 | 142705/20-4-15 |
| 4/15 | 30/5-15 | 142722/11-5-15 |
| 5/15 | 54/6-15 | 145509/18-6-15 |
| 6/15 | 51/7-15 | 145540/14-7-15 |
| 7/15 | 47/8-15 | 145266/20-8-15 |
| 8/15 | 25/9-15 | 161015/7-9-15 |
| 9/15 | 37/10-15 | 161092/19-10-15 |
| 10/15 | 27/11-15 | 161115/13-11-15 |
| 11/15 | 20/12-15 | 161135/3-12-15 |
| 12/15 | 29/1-16 | 162445/5-1-16 |
| 1/16 | 42/2-16 | 162478/6-2-16 |
| 2/16 | 30/3-16 | 162510/5-3-16 |
| ആകെ = 72,000 രൂപ (6000 x 12) | | |

ടി ചെലവിന് ആധാരമായ സർക്കാർ അനുമതി വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയിരുന്ന ഓഡിറ്റ് എൻക്വയറിക്ക്(23/28-9-16) മറുപടി ലഭ്യമാക്കിയിട്ടില്ല.

കേരളാസർവ്വീസ് ചട്ടങ്ങളിലെ വ്യവസ്ഥ അനുസരിച്ച് ജീവനക്കാർക്ക് ക്വാർട്ടേഴ്സ് ലഭ്യമല്ലാത്ത സാഹചര്യത്തിൽ വീട്ടു വാടക ബത്ത അനുവദിക്കുന്നതിന് മാത്രമേ അനുമതിയുള്ളൂ. മുനി. നിയമത്തിലോ ചട്ടങ്ങളിലോ മറിച്ച് വ്യവസ്ഥ ചെയ്തിട്ടുമില്ല. ആയതിനാൽ മേൽ പ്രകാരമുള്ള ചെലവ് തുക, 72,000രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. ഇപ്രകാരമുള്ള ചെലവിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 3-14 സർക്കാർ ഉത്തരവിലെ നിർദ്ദേശത്തിന് വിരുദ്ധമായി ലാപ്പ്ടോപ്പ് വിതരണം ചെയ്ത-തുക നിരാകരിക്കുന്നു.

നഗരസഭാ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ "SC പ്രൊഫഷണൽവിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വിതരണം" എന്ന പ്രൊജക്ട് (Pr.No:SO247/16, II Phase) പ്രകാരം 15-16 വർഷത്തിൽ പ്ളാൻ ഫണ്ട്(SCP) വിഹിതത്തിൽ നിന്നും 3 ലാപ്ടോപ്പുകൾക്കായി 1,20,000 രൂപ ചെലവഴിച്ചിട്ടുണ്ട്. (Try.Bill No.29/15-16, തീയതി:14-3-16). വാങ്ങിയ സ്ഥാപനം: പെന്റാസ്, വേങ്ങര, ഇൻവോയ്സ് നം./തീയതി ആർ.ടി./566 /15-16, 05-03-2016 രൂപ 40,000/- പ്രൊജക്ട് പ്രകാരം പ്രൊഫഷണൽ വിദ്യാർത്ഥികൾക്കായിരുന്നു ലാപ്പ്ടോപ്പുകൾ നൽകേണ്ടിയിരുന്നത് എങ്കിലും അപ്രകാരമല്ലാത്തവർക്കും ആയത് നൽകിയിട്ടുണ്ട്.വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| പേര് | പഠിക്കുന്ന കോഴ്സ് | സ്ഥാപനം |
|---|---|---|
| മഹേഷ് പറമ്പിൽ, S/oസുബ്രഹ്മണ്യൻ | B.Sc. Interior Design | Sree Devi College of Interior Design, Mangalore |

സ.ഉ.(സാധാ)നമ്പർ.787/2015/LSGD, തീ:18-3-15 പ്രകാരംപ്രൊഫഷണൽ, പോസ്റ്റ് ഗ്രാജ്വേറ്റ്, കമ്പ്യൂട്ടർ അധിഷ്ഠിത കോഴ്സുകളിലും പോളിടെക്നിക്കുകളിലും പഠിക്കുന്ന SC-ST വിഭാഗത്തിൽ പെട്ടവിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ/ലാപ്പ്ടോപ്പ് വാങ്ങി നൽകാൻ സർക്കാർ ത.സ്വ.ഭ.വ.സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിരുന്നു. ടി നിർദ്ദേശത്തിന് വിരുദ്ധമായി മേൽ പരാമർശിച്ച കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥിക്ക് ലാപ്പ്ടോപ്പ് വിതരണംചെയ്തത് ക്രമ വിരുദ്ധമാണ്. ചെലവ് തുക, 40,000രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-15 കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ് തനത് ഫണ്ടിൽ നിന്ന് അടവാക്കുന്നു.

2015-16 വർഷത്തിൽ തനത് ഫണ്ടിൽ നിന്നും കുടിവെള്ള പദ്ധതികളുടെ കറന്റ് ചാർജ് ഇനത്തിൽ ചെലവഴിച്ച തുകയുടെ വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| കുടിവെള്ള പദ്ധതികളുടെ പേര് | തുക | വൗച്ചർ നമ്പർ | ചെക്ക് നമ്പർ, തീയതി |
|---|---|---|---|
| ഇന്ത്യനൂർ-പള്ളിപ്പറമ്പ്, മദ്രസ്സപ്പടി, സർഹിന്ദ് നഗർ, പാണ്ഡമംഗലം | 1,94,105 | 19/4-15 | 2573304/4-4-15 |
| വലിയ പറമ്പ് | 13,004 | 46/10-15 | 161093/26-10-15 |
| പാണ്ഡമംഗലം | 25,000 | 32/6-15 | 145501/8-6-15 |
| മദ്രസ്സപ്പടി | 27,300 | 55/1-16 | 162464/25-1-16 |
| ആകെ = | 2,59,409 | | |

KWA ത.സ്വ.ഭ.വ. സ്ഥാപനങ്ങൾക്ക് കൈമാറിയ കുടിവെള്ള പദ്ധതികളും സ്ഥാപനങ്ങൾ നേരിട്ട് പ്രവർത്തിപ്പിക്കുന്ന കുടിവെള്ള പദ്ധതികളും അവയുടെ നടത്തിപ്പിനായി ഗുണഭോക്തൃ സമിതികളെ ഏല്പിക്കേണ്ടതാണെന്നും അവയുടെ നടത്തിപ്പ്/മെയ്ന്റനൻസ് ചെലവുകൾ സമിതികൾ വഹിക്കേണ്ടതാണെന്നും30-5-09ലെ സ.ഉ.(സാ)1275/09 /LSGDഉത്തരവ് പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 3-16 ഹോമിയോ മരുന്നുകൾക്കായി മുൻകൂർതുക നൽകി-കരാറുടമ്പടിവച്ചില്ല-വൈകിലഭിക്കുന്ന മരുന്നുകൾക്ക് തുടർനടപടി അസാദ്ധ്യം

ഹോമിയോ മെഡിക്കൽഓഫീസർ നിർവ്വഹണം നടത്തിയ പ്രൊജക്ട് നമ്പർ S0001/16 -ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്നുവാങ്ങൽ പദ്ധതിക്കായി മെയിന്റനൻസ്ഗ്രാന്റ് (റോഡിതരം)ഫണ്ടിൽനിന്ന് 200000/- രൂപ വകയിരുത്തിയിരുന്നു. സ.ഉ.(സാ.ധാ)നമ്പർ 876/2013/ ത.സ്വ.ഭ.വ./ 30.3.13. പ്രകാരം ഹോംകോയിൽനിന്ന്

മരുന്നുവാങ്ങുന്നതിന്അവർ നൽകുന്ന ഇൻവോയ്സ് പ്രകാരം മുൻകൂർതുക ട്രഷറിയിൽനിന്ന് പിൻവലിക്കാൻ അനുവാദം നല്കിയിട്ടുണ്ട് . ബിൽനമ്പർ 1/2015-16 /17.9.15 പ്രകാരമുള്ള തുക ഡി.ഡി.നമ്പർ 820750/17.9.15പ്രകാരം മാനേജിംഗ്ഡയറക്ടർ കേരളസംസ്ഥാനഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ്(ഹോംകോ) ആലപ്പുഴക്ക് കരാറുടമ്പടിവയ്ക്കാതെ കൈമാറിയിട്ടുണ്ട്..എന്നാൽമരുന്നുകൾആറുമാസത്തിലേറെവൈകിയാണ്( 31.3.16 ന് ഉച്ചയ്ക്ക് ശേഷം) ഡിസ്പെൻസറിയിൽ ലഭിച്ചത്. മരുന്നുകൾ 60 ദിവസത്തിനകം ലഭ്യമാക്കിയില്ലെങ്കിൽനഷ്ടപരിഹാരം നൽകണമെന്ന് വ്യവസ്ഥചെയ്ത് മാനേജിംഗ്ഡയറക്ടറും ഹോമിയോ മെഡിക്കൽഓഫീസറുമായി കരാറുടമ്പടിവക്കാത്തതിനാൽ തുടർനടപടി അസാദ്ധ്യമായി. മരുന്നിന്റെ മുഴുവൻതുകയും കരാറുടമ്പടിവക്കാതെ ഹോംകോയ്ക്ക് നല്കിയനടപടി ഉചിതമായില്ല. . ജി.ഓ.പി.നമ്പർ 419/11/ധനം/4.10.2011ലെ ഉത്തരവ് പ്രകാരം മൂന്നുമാസത്തിനകം ക്രമീകരിക്കാത്ത മുൻകൂറുകൾക്ക് 18% പിഴപലിശഈടാക്കുന്നതാണ് എന്നഉത്തരവ് (കെ.എഫ്.സി. വാല്യം.1 അനുചേദം99) നിലവിലിരിക്കെ മരുന്നുകൾവൈകി ലഭ്യമാകുന്ന നടപടി സർക്കാരിന്റെയും ഭരണസമിതിയുടെയും പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.(ഓഡിറ്റ്എൻക്വയറി 2/19.9.2016പ്രകാരം വിശദീകരണം തേടിയിരുന്നു.മറുപടിയിൽ മുൻകൂർതുക ട്രഷറിയിൽനിന്ന് പിൻവലിക്കാൻ

അനുവാദം നല്കിയ ഉത്തരവിന്റെ പകർപ്പ് ഹാജരാക്കുകയും ഹോംകോയുമായി ഫോണിലൂടെയും കത്തിലൂടെയും കാലതാമസം ഒഴിവാക്കാൻ നിരവധിതവണ ബന്ധപ്പെട്ടതായി അറിയിച്ചു.)

## 3-17 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി - ഒരു അവലോകനം

NREGS മാതൃകയിൽ നഗര പ്രദേശത്ത് കായികാദ്ധ്വാനത്തിന് തയ്യാറുള്ളവർക്ക് തൊഴിൽ ഉറപ്പ് വരുത്തിക്കൊണ്ടുള്ള അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി നവംബർ 2010മുതൽ നടപ്പാക്കാൻ സ.ഉ.(കൈ)210/2010 /ത.സ്വ.ഭ.വ.,തീ:13-9-10 പ്രകാരം സംസ്ഥാന സർക്കാർ അനുമതി നൽകിയിരുന്നു.ആയത് പ്രകാരം കോട്ടക്കൽ നഗരസഭക്ക് ടി പദ്ധതിയിൽ ലഭിച്ചതും നഗരസഭ ചെലവഴിച്ചതുമായ തുകകളുടെ വിശദവിവരം താഴെ ചേർക്കുന്നു.

| വർഷം | വരവ് | ചെലവ് | ശതമാനം |
|---|---|---|---|
| 2011-12 | 4,00,000 | 1,64,005 | 41 |
| 2012-13 | 14,67,516 | 74,000 | 5 |
| 2013-14 | 26,30,985 | 9,02,234 | 34 |
| 2014-15 | 17,79,850 | 5,97,938 | 34 |
| 2015-16 | 13,46,261 | 6,77,845 | 50 |

പ്രസ്തുതപദ്ധതിക്കായി വിവിധ വർഷങ്ങളിൽ തയ്യാറാക്കിയ വാർഷിക കർമ്മ പദ്ധതികളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ആകെ പ്രവൃത്തികൾ | അടങ്കൽ |
|---|---|---|
| 2011-12 | 209 | 95,81,000 |
| 2012-13,2013-14 | തയ്യാറാക്കിയിട്ടില്ല | |
| 2014-15 | 304 | 1,75,55,000 |
| 2015-16 | 313 | 1,81,05,000 |

2011-12, 2012-13 പ്രവൃത്തികൾക്കായി തുക ചെലവഴിച്ചിട്ടില്ല. ഭരണച്ചെലവുകൾ മാത്രമാണ് ടി വർഷങ്ങളിൽ നടന്നിട്ടുള്ളത്.എന്നാൽ 2013-14,2014-15, 2015-16 വർഷങ്ങളിൽ ആക്ഷൻ പ്ളാൻ പ്രകാരമുള്ള വിവിധ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതിൽ 2013-14വർഷത്തിൽ നടപ്പിലാക്കിയത് 2011-12 ലെ ആക്ഷൻ പ്ളാൻ പ്രകാരമുള്ള പദ്ധതികളാണ്.

അയ്യങ്കാളി പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി സ.ഉ.(കൈ)252/2010/ത.സ്വ.ഭ.വ, തീ:3-02-2010-പ്രകാരം പ്രവർത്തന മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിച്ച് ഇത്തരവായിട്ടുണ്ട്.മാർഗനിർദ്ദേശങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ട് 18-7-13 തീയതിയിൽ സ.ഉ(സാധാ)1900/1/LSGD നമ്പർ പ്രകാരവും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ഓരോ നഗരസഭയും ഓരോ സാമ്പത്തിക വർഷവും ഡിസംബർ 31ന് മുമ്പേ തൊട്ടടുത്ത സാമ്പത്തിക വർഷത്തേക്കുള്ള വാർഷിക കർമ്മ പദ്ധതിയും ലേബർ ബജറ്റും തയ്യാറാക്കി കൗൺസിലിന്റെയും DPCയുടെയും അംഗീകാരം വാങ്ങിയിരിക്കണം. അപ്രകാരം അംഗീകാരം ലഭിച്ച 2011-12 ലെ കർമ്മ പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ നടന്നിട്ടുള്ളത് 2013-14 വർഷത്തിലാണ്.2012-13ലും 2013-14ലും കർമ്മ പദ്ധതി തയ്യാറാക്കിയിട്ടില്ല.ആയതിന്കാരണം വ്യക്തമല്ല. കൂടാതെ ചെലവ് വിവരങ്ങൾ പരിശോധിക്കുമ്പോൾ ചെലവഴിക്കുന്ന തുകകൾ വളരെ കുറവാണെന്നും കാണുന്നു.

നഗര പ്രദേശങ്ങളിൽ വസിക്കുന്ന അവിദഗ്ധരും കായികാദ്ധ്വാനത്തിന് തയ്യാറുള്ളവരുമായ , ഓരോ കുടുംബത്തിലെയും പ്രായപൂർത്തിയായ അംഗങ്ങൾക്ക് ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 100ദിവസം തൊഴിൽ ഉറപ്പാക്കുകയും അതിലൂടെ അവരുടെ കുടുംബങ്ങളുടെ ജീവിത സുരക്ഷ ഉറപ്പാക്കുകയുമാണ് ടി പദ്ധതിയുടെ ലക്ഷ്യം. ആയത് കൈവരിക്കാനാവശ്യമായ നടപടികൾ നഗരസഭ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം :

തുക ലഭിച്ചിട്ടില്ല

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടമെന്റ് | പുന്നപ്പറമ്പ കുടിവെള്ള പദ്ധതി കുഴൽ കിണർ | 82/2015-16 | ലഭ്യമല്ല | 67625 | - |

മുൻകൂർ, ചെലവഴിച്ച തുക എന്നിവ സംബന്ധിച്ച വിവരം ആദ്യമറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

### 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

### 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 2,28,38,595 |
| തൻവർഷം നിക്ഷേപിച്ച തുക | 11,65,392 |
| ആകെ | 2,40,03,987 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2,40,03,987 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| FDST 58135, തീയതി:2-11-14, കോട്ടക്കൽ സഹകരണ അർബൻ ബാങ്ക് | 394125 |
| 240725, തീയതി: 26-3-17, മലപ്പുറം ജില്ലാ സഹകരണ ബാങ്ക് | 329499 |
| 263250, തീയതി: 28-3-17, മലപ്പുറം ജില്ലാ സഹകരണ ബാങ്ക് | 348918 |
| 415533, തീയതി: 12.10.16 സൗത്ത് മലബാർ ഗ്രാമീണ ബാങ്ക് | 303636 |
| FDR 13427,തീയതി:6.9.16,കോട്ടക്കൽ സർവീസ് സഹകരണ ബാങ്ക് | 365169 |
| FDR 13483, തീയതി:19.10.16,,കോട്ടക്കൽ സർവീസ് സഹകരണ ബാങ്ക് | 2218953 |
| FDST 8649,തീയതി;21-9-16, കോട്ടക്കൽ സഹകരണ അർബൻ ബാങ്ക് | 423186 |
| 429700,പഞ്ചാബ് നാഷണൽ ബാങ്ക് | 386307 |
| TFD 148, തി. 25.11.16 ട്രഷറി സേവിങ്സ് ബാങ്ക് | 84,92,077 |
| TFD 149, തി. 25.11.16 -ടി----- | 6,79,366 |
| FDR 13750,തീയതി:23.1.17- കോട്ടക്കൽ സർവീസ് സഹകരണ ബാങ്ക് | 3025000 |
| FDR 13751,തി.23.1.17 കോട്ടക്കൽ സർവീസ് സഹകരണ ബാങ്ക്,13427 | 3025000 |
| FDST 9569,22.2.17കോട്ടക്കൽ സഹകരണ അർബൻ ബാങ്ക് | 2012751 |
| ക്ലീൻ കേരള മിഷൻ ഇക്വിറ്റി 025/26.5.14 | 2000000 |
| ആകെ | 2,40,03,987 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

നഗരസഭയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 37(iii) | 2002-03 | VII.10.2(1) | തനത് ഫണ്ട് - മരാമത്ത് പണികൾക്ക് അധിക തുക നൽകി-21299/-രൂപ | ബഹു. നിയമസഭാ സമിതിയുടെ നടപടി തുടരുന്നു. |
| 2001-02 | 29 | 2003-04 | പൊതുപരാമർശം | പത്ര പരസ്യം - 15160 രൂപ അധികം നൽകി | ബഹു. നിയമസഭാ സമിതി നാളിതുവരെ പരിഗണനക്ക് എടുത്തിട്ടില്ല |
| 2002-03 | 18 | 2005-06 | 2.10.65 | വനിതകൾക്ക് കമ്പ്യൂട്ടർ പരിശീലനം 30000/-രൂപയുടെ അധിക ചെലവ് | -ടി- |
| 2007-08 | 3(29) | 2010-11 | പൊതുപരാമർശം | സ്റ്റേഡിയം നിർമ്മാണം ഭൂമി | -ടി- |
| | 3(32) | | | കുടിവെള്ള പദ്ധതി-ഗുണഫലം | |

| | | | | |
|---|---|---|---|---|
| | 3(33) | | പേപ്പർ ബാഗ് നിർമ്മാണ യൂണിറ്റ് | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 10,70,55,793 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 11,27,21,632 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 32,748 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 40,000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 199,96,253 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 12538 | | ശ്രീ. കെ.കെ.മനോജ്, സെക്രട്ടറി |
| 2-2 | 15960 | | ശ്രീ. കെ.കെ.മനോജ്,സെക്രട്ടറി |
| 2-5 | 4250 | | ശ്രീ. കെ.കെ.മനോജ്,സെക്രട്ടറി |
| 3-14 | | 40,000 | ശ്രീ. കെ.കെ.മനോജ്,സെക്രട്ടറി |
| ആകെ | 32748 | 40,000 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 4031321 | ശ്രീ. ബി. വിനയകുമാർ മുനി.എഞ്ചിനിയർ |
| 3-3 | 15692932 | ശ്രീ. ബി. വിനയകുമാർ മുനി.എഞ്ചിനിയർ |
| 3-7 | 200000 | ശ്രീമതി. വനജ ഇ.എൻ പ്രിൻസിപ്പാൾ |
| 3-13 | 72000 | ശ്രീ. കെ.കെ.മനോജ്, സെക്രട്ടറി |
| ആകെ | 1,99,96,253 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദി |
|---|---|---|
| 2-1 | 637 | സെക്രട്ടറി |
| 2-2 | 790 | സെക്രട്ടറി |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ കെ.കെ.മനോജ്, സെക്രട്ടറി | സെക്രട്ടറി, കോട്ടക്കൽ നഗരസഭ | കല്ലുംകുന്നത്ത് ഹൗസ്,ചിറ്റഞ്ഞൂർ പി.ഒ,കുന്ദംകുളം, തൃശ്ശൂർ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1985-86,86-87,87-88 | എൽ.എഫ്.എം 13/1294/10, തീയതി:27-07-2010 | 10 | |
| 1988-89, 89-90, 90-91 | എൽ.എഫ്.എം 14/281/03, തീയതി:30-01-2003 | 05 | |
| 1991-92 | എൽ.എഫ്.എം 14/282/03, തീയതി;30-01-2003 | 03 | |
| 1994-95, 95-96 | എൽ.എഫ്.എം 17/1297/10, തീയതി: 27-07-2010 | 14 | |
| 1996-97 | എൽ.എഫ്.എം 14/285/03, തീയതി:29-01-2003 | 08 | |
| 1997-98 | എൽ.എഫ്.എം 17/1298/10, തീയതി:27-07-2010 | 01 | |
| 1998-99 | എൽ.എഫ്.എം 17/1299/10, തീയതി:27-07-2010 | 05 | |
| 1999-00 | എൽ. എഫ്.എം18/1300/10, തീയതി:27-07-2010 | 01 | |
| 2000-01 | എൽ. എഫ്.എം17/1301/10, തീയതി:27-07-2010 | - | |
| 2001-02 | എൽ. എഫ്.എം17/1302/10, തീയതി:27-07-2010 | 08 | |
| 2002-03 | എൽ. എഫ്.എം17/1303/10, തീയതി:27-07-2010 | 11 | |
| 2003-04 | എൽ. എഫ്.എം10/1002/09,തീയതി:06-01-10 | 06 | |
| 2004-05 | എൽ.എഫ്.എം20/1998/10, തീയതി:02-05-2011 | 31 | |
| 2005-06 | എൽ.എഫ്.എം16/1550/10, | 09 | |

| | | | |
|---|---|---|---|
| | തീയതി:02-12-2010 | | |
| 2006-07 | എൽ.എഫ്.എം20/1136 /09,തീയതി:27-02-2009/31-03-2012 | 13 | |
| 2007-08 | എൽ.എഫ്.എം20/1137 /09,തീയതി:26-03-2009/12-04-2012 | 21 | |
| 2008-09 | എൽ.എഫ്.എം20/112/12,തീയതി:25-09-2012/ -10-2012 | 21 | |
| 2009-10 | എൽ.എഫ്.എം20/113/12, തീയതി:10-02-2012 | 27 | |
| 2010-11,2011-12,2012-13 | എൽ.എഫ്.എം20/37/14, തീയതി:19-07-2014/04-08-2014 | 55 | |
| 2013-14 | എൽ.എഫ്.എം20/1960/15, തീയതി: 10-09-2015 | 33 | |
| 2014-15 | കെ.എസ്.എ.എം.പി.എം21/344/2016 തീയതി 24-05-2016 | 19 | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

സംസ്ഥാന ഓഡിറ്റ് വകുപ്പ്

## 4-10 AUDIT CERTIFICATE

AUDIT CERTIFICATE

No. KSA/MPM-27/2765/2016

Kerala State Audit Department District Office, Malappuram

Dated: 13-10-2016

Certified that I have Audited the Annual Financial Statement of Kottakkal Municipality in Malappuram District for the year 2015-16 in accordance with section 4 of the Kerala Local Fund Audit Act 1994 section 295(4) of the Kerala Municipality Act 1994, the rules there under and the guidlines issued by the Comptroller and Auditor General of India for the purpose of audit accounts of Municipalities.

In my Opinion, the financial Statements of Kottakkal Municipality for the year 2015-16 except the observations in my audit report properly presents the picture of income and expenditure.

SENIOR DEPUTY DIRECTOR

KERALA STATE AUDIT DEPARTMENT

## 4-11 ഓഡിറ്റ് സാക്ഷ്യപത്രം

ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ എസ് എ എം പി എം.20/ 2758/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം

പിൻ-676505, ഫോൺ:04832734951

തീയതി13-10-2016

1994- ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4ാം വകുപ്പ് 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിന്റെ 295(4) വകുപ്പ് ,ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ്സ്റ്റാന്റേഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ കോട്ടക്കൽ നഗരസഭയുടെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കോട്ടക്കൽ നഗരസഭയുടെ 2015-16 വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽഅവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

മലപ്പുറം